

ആ പിതാവ് മകളെ ചോലമരങ്ങളിലൊന്നിന്റെ തണലിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഇലകളും ചില്ലകളും ഇളംകാറ്റിലുലയുന്നത് കാട്ടിക്കൊടുക്കും. ഇലകളെ കുറിച്ച്, ഇലകൾക്കുള്ളിലെ ശാഖകളെ കുറിച്ച്, ശാഖകൾ വിടരുന്ന തായത്തടിയെക്കുറിച്ച് ഒക്കെ മെല്ലെ പറയാൻ തുടങ്ങും. കാറ്റ് ശക്തമോ ദുർബലമോ ആകുന്ന വിവിധ ഋതുഭേദങ്ങൾക്കനുസരിച്ച് ഇലച്ചാർത്തുകളുടെ ഇളകിയാട്ടവും വ്യത്യസ്തമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കും. നിശ്ചലരായി നിന്ന് അവർ എല്ലാം നിരീക്ഷിക്കും. ഒരില പോലുമനങ്ങാത്ത നേരങ്ങളിൽ, കാറ്റിന്റെ നേരിയ ഒരു ശകലം വരുന്നതു കാത്ത് മുഖത്തോടുമുഖം നോക്കി, മനമടക്കി അങ്ങനെ ഏറെ നേരം നിൽക്കും. കാറ്റിലേക്കു മാത്രമല്ല പുഴയിലേക്കും അവരുടെ കണ്ണുകൾ ചെന്നെത്തും..


ജൂൺ 2015


# ലിറ്റിൽ മാസിക




ഇഴഞ്ഞിഴഞ്ഞ് വാഴയുടെ ചോട്ടിലെത്തി
വെള്ളമൊഴിച്ചു കൊടുക്കാൻ തനിക്ക് പറ്റുന്ന
കാലം വരെ കൃഷിചെയ്യും!

-സി.വി. ഗോവിന്ദൻകുട്ടി വാര്യർ









# ചെറിയ യാത്രകളെങ്കിലും ..!

**സുർജിത്ത് സരോവരം**

ഇതൊരു ചെറിയ യാത്രയെ കുറിച്ചാണ്. വളരെ ചെറിയ യാത്ര.....

കോളേജ് ജീവിതം അവസാനിക്കുന്ന കാലഘട്ടം, അതെങ്ങനെയായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. പിരിയാൻ പോകുന്ന സുഹൃത്തുക്കൾ, ഇനി ചെന്നിരിക്കാൻ കഴിയാത്ത ക്ലാസ് മുറികൾ, ചായക്കടകൾ, രാത്രിയിലെ മങ്ങിയ സോഡിയം ലാംപിന്റെ വെളിച്ചത്തിൽ ഹോസ്റ്റലിൽ കയറാൻ പോകുന്ന കാമുകിക്ക് സ്നേഹചുംബനം നൽകുന്നവർ.... ഇതെല്ലാം ഇനി ഓർമ്മകളാവാൻ പോകുന്നു. സുഖമുള്ള ഓർമ്മകൾ.

ഞാൻ വലിയ സൗഹൃദക്കൂട്ടങ്ങളുടെ ആളല്ല. എന്തോ, വലിയ കൂട്ടങ്ങളിൽ എനിക്കങ്ങനെ ചേരാൻ കഴിയാറില്ല. നമ്മളെപ്പോലെ ചിന്തിക്കുന്നവരുടെ ചെറിയ കൂട്ടങ്ങളാണ് എനിക്ക് പ്രിയം. ഇവിടെ, നാട്ടിൽ നിന്നും എത്രയോ ദൂരെയുള്ള ഈ ക്യാമ്പസിൽ വന്ന ആദ്യ മാസങ്ങളിൽ തന്നെ എനിക്ക് ഒരു ക്രഷ് തോന്നിയ പഞ്ചാബി പെൺകുട്ടി, അവൾ പിന്നെ എന്റെ അടുത്ത സുഹൃത്തായി. ഇന്റേൺഷിപ്പ് കിട്ടി നേരത്തെ കോളേജ് വിടുന്ന അവളും ഞാനും കൂടി, അതിനുമുമ്പ് ഒരു ചെറിയ യാത്ര പോകാൻ തീരുമാനിച്ചു. യാത്ര എന്നൊക്കെ വിളിക്കാമോ എന്നറിയില്ല, അത്രയും ചെറുത്. ഒരു മണിക്കൂർ സഞ്ചരിച്ചാൽ എത്തിച്ചേരാവുന്ന ദുർഗാപൂർ ബാരേജിലേക്ക്. ഒരു തെളിഞ്ഞ വൈകുന്നേരം.

ഞങ്ങൾ നടന്നു. സ്ഥിരം നടക്കാറുള്ള വഴികളിലൂടെ. കോളേജ് കടന്നു, മരങ്ങൾ ഇരുവശവും നിറഞ്ഞുനിൽക്കുന്ന റോഡിനരികിലൂടെ. പിന്നെ ബസ്, ഓട്ടോറിക്ഷ. ഞങ്ങൾ ഒരുപാട് സംസാരിച്ചു. അവൾക്ക് കുറെ സുഹൃത്തുക്കൾ ഉണ്ടായിരുന്നു. വലിയ സൗഹൃദക്കൂട്ടങ്ങൾ. അതുകൊണ്ട് ഞങ്ങൾ ഇടക്കെ ഇങ്ങനെ സംസാരിക്കാറുള്ളൂ. അപ്പോൾ കുറേ സംസാരിക്കാനുണ്ടാകും.

ഞാൻ എന്റെ പ്രണയത്തെ കുറിച്ച് പറഞ്ഞു, കോളേജ് കഴിഞ്ഞുള്ള ജീവിതത്തെ കുറിച്ച് പറഞ്ഞു. അവൾ അവളുടെ നഷ്ടപ്രണയത്തെ കുറിച്ചും. ഞങ്ങളധികവും പറയാറുള്ളത് ഇവ തന്നെയാണ്. കഴിഞ്ഞ സൗഹൃദദിനത്തിൽ ഇവളെനിക്ക് സമ്മാനിച്ചത് 'ആയിരം ഉജ്ജ്വല സൂര്യൻമാർ' ആയിരുന്നു. അതിലും ഉണ്ട്, പ്രതീക്ഷയുടെ യാത്രകൾ.

ബാരേജിൽ, സൂര്യൻ അസ്തമിക്കാൻ ഒരുങ്ങുന്നേയുള്ളൂ. ഞങ്ങൾ കുത്തനെയുള്ള കരിങ്കൽക്കെട്ടിലൂടെ മണലിലേക്ക് ഇറങ്ങി. തടകെട്ടി നിറുത്തിയ വെള്ളത്തിന്റെ മധ്യത്തിലേക്ക് ചെറിയ തോണിയിൽ പോകാൻ കഴിയും. ടൂറിസംകാരൊന്നും വരാത്തയിടമായതിനാൽ ലൈഫ് ജാക്കറ്റ് പോലുള്ള ഏടാകൂടങ്ങൾ ഒന്നുമില്ല. ചെറിയ ഓളങ്ങളിൽ പോലും ഇളകിക്കളിക്കുന്ന തോണിയുടെ തറയിൽ ഞങ്ങളിരുന്നു. ഞാനും അവളും പിന്നെ തോണിക്കാരനും മാത്രം. അസ്തമയ സൂര്യൻ അവളുടെ തുടുത്ത കവിളുകളെ സ്വർണ്ണനിറമാക്കി.

ഞങ്ങൾ തോണിയുടെ വശങ്ങളിൽ തിരക്കുകൂട്ടുന്ന ഓളങ്ങളെ തൊട്ടുകളിച്ചു. ബാരേജിലേക്ക് വെള്ളം ശക്തിയോടെ മറയുന്നത് ദൂരെ നിന്ന് കണ്ടു. അത് തീർക്കുന്ന ഓളങ്ങളിൽ അസ്തമയ സൂര്യന്റെ നിറം കണ്ടു. ചിത്രങ്ങൾ എടുത്തു. ചിരിച്ചു. പ്രണയബദ്ധരായ കാമുകീ കാമുകൻമാരാണ് ഞങ്ങളെന്നു ധരിച്ച തോണിക്കാരൻ ഞങ്ങളുടെ ചിത്രങ്ങൾ എടുത്തുതന്നു. "മാഡത്തിന് സന്തോഷമായില്ലേ"യെന്ന് എന്നോട് ചോദിച്ചു, ഞങ്ങളെ കരപറ്റിക്കുമ്പോൾ.

നീണ്ടുകിടക്കുന്ന ബാരേജിന്റെ ദൃശ്യം നോക്കി ഞങ്ങൾ കരയിൽ ഇരുന്നു. ഞാനവൾക്ക് മൊബൈലിൽ പനോരമ ചിത്രങ്ങൾ എടുക്കുന്നതെങ്ങനെയെന്ന് പഠിപ്പിച്ചുകൊടുത്തു. വീണ്ടും ഞങ്ങൾ ഭാവിയെ കുറിച്ച് സംസാരിച്ചു. അമ്മമാരെ പറ്റി. രണ്ടുപേരുടെയും അമ്മമാർ അധ്യാപികമാരായിരുന്നു.

തിരിച്ചു പോരുമ്പോൾ അവളധികം സംസാരിച്ചില്ല. ചോദിക്കുന്ന ചോദ്യങ്ങൾക്ക് മാത്രം മറുപടി. നേരം ഇരുട്ടി തുടങ്ങിയിരുന്നു, തണുപ്പായി.

'മട്ക്ക കുൾഫി' എന്ന സ്പെഷ്യൽ ഐസ്ക്രീം എനിക്ക് വാങ്ങിത്തരാമെന്നവൾ പണ്ടേ പറഞ്ഞതായിരുന്നു. ദുർഗാപൂരിലെ ഏറ്റവും വലിയ ഷോപ്പിംഗ് മാളിന്റെ സ്റ്റെപ്പുകളിൽ ഇരുന്ന് ഞങ്ങളത് കഴിച്ചു. ഐസ്ക്രീം കഴിക്കുമ്പോൾ മുഖത്ത് നോക്കാതെ അവൾ താൻ ചെയ്ത ഒരു ചെറിയ തെറ്റ് എന്നോട് തുറന്നുപറഞ്ഞു. അവളത് ചെയ്ത അന്നു തന്നെ ഞാൻ അറിഞ്ഞതായിരുന്നു അത്. എനിക്ക് സന്തോഷം തോന്നി.


**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

ലക്കം

**157**

**Copy left**



എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**

പ്രിന്റിംഗ്
എ-വൺ ഓഫ്സെറ്റ്
രാമനാട്ടുകര

"I knew it, but I am happy that you told. Thank you"ഞാൻ പറഞ്ഞു. രണ്ടുപേരും ചിരിച്ചു.

സ്ട്രീറ്റ് ലൈറ്റുകൾ തെളിഞ്ഞു കത്തുന്ന റോഡിനരികിലൂടെ ഒന്നും മിണ്ടാതെ ഞങ്ങൾ തിരിച്ചുനടന്നു. പക്ഷേ, ഞങ്ങൾ സംസാരിച്ചുകൊണ്ടേയിരിക്കുകയായിരുന്നു.

നോക്കൂ, ചെറിയ യാത്രകൾ പോലും നിങ്ങളിലെ നന്മകളെ ഉണർത്തും. നിങ്ങൾ ദൂരങ്ങളിലേക്ക് പോകേണ്ടതില്ല.

"മക്കളുടെ പരീക്ഷ കാരണം കാശ്മീർ പോക്ക് ഇതുവരെ നടന്നില്ല. അടുത്ത സമ്മറിൽ പോകാം", "'ഓഫീസിലെ തിരക്ക് കാരണം മലേഷ്യൻ ട്രിപ്പ് നീണ്ടുപോകുന്നു" എന്നൊക്കെ പറയാറില്ലേ ചിലർ. ജീവിതത്തിന്റെ പൂർണ്ണത തിരക്കുപിടിച്ച് ജീവിച്ചു, ഓടിച്ചെല്ലുമ്പോൾ വർഷങ്ങൾക്കപ്പുറത്ത് എവിടെയോ കരുതി വെച്ചിരിക്കുന്ന ഒരു മാണിക്യചെപ്പല്ല. മറിച്ചു, ജീവിക്കുന്ന ഓരോ നിമിഷവുമാണ് ആ പൂർണ്ണത നൽകുന്നത്.

അതുകൊണ്ട് ഇഷ്ടപ്പെട്ട കാര്യങ്ങൾ ചെയ്തു ജീവിക്കുക. ചെറിയ, വളരെ ചെറിയ യാത്രകളെങ്കിലും പോകുക. ഈ യാത്ര പോയി മാസങ്ങൾക്ക് ശേഷം ഇതെനിക്ക് ഒരു 'ബ്ലൂ-റെ' സിനിമ കാണുമ്പോലെ ഓർക്കാൻ കഴിയുന്നുവെങ്കിൽ, പ്രിയപ്പെട്ടവരോടൊന്നിച്ചുള്ള ചെറിയ യാത്രകൾ അത്രയും സുന്ദരമാകുമെന്നല്ലേ...!

ചെറിയ യാത്രകളെങ്കിലും ഇടയ്ക്കിടയ്ക്ക് പോകുക. യാത്ര ചെയ്യാതിരിക്കൽ മരിച്ചുകൊണ്ടിരിക്കലാണ്.

ഒരിടത്തു നിന്നു വൃക്ഷം
എല്ലാം ചെയ്യുന്നു.
ഗാനമോ, നൃത്തമോ ഇല്ലാതെ
ഒരു വൃക്ഷം
ഒന്നും ചെയ്യാതെ
എല്ലാം ചെയ്യുന്നു

- സെൻ കവിത



പേജ് 4

## നമ്മുടെ കുട്ടികൾ.. അവരുടെ സ്വപ്നങ്ങൾ

നാൽപതുലക്ഷം രൂപ കൊടുത്ത് കുട്ടിയെ കർണ്ണാടകത്തിൽ മെഡിസിന് ചേർത്ത അധ്യാപക ദമ്പതിമാർ. കുട്ടിക്ക് അശേഷം താൽപര്യമില്ലാത്ത വിഷയം. രണ്ട് വർഷമായപ്പോൾ പല വിഷയങ്ങളിലും പരാജയപ്പെട്ട് ഇയർബാക്ക് ആയി ക്ലാസിൽ കയറാൻ പറ്റാതായി. വർഷങ്ങൾ 4 കഴിഞ്ഞു. സംഗതി വീട്ടിൽ പറയാനും പറ്റാതെ കുട്ടി വല്ലാതെ വിഷമിച്ചു. പിന്നീട് മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും.... എന്നുവേണ്ട ഒടുവിൽ സഹപാഠിയുടെ ലാപ്ടോപ് മോഷ്ടിച്ച കുറ്റം ആരോപിക്കപ്പെട്ട് നാടുവിട്ടു പോയ മകനെ കുറിച്ച് ഓർത്ത് വിഷമിക്കുന്ന പെൻഷൻ പറ്റിയ ആ മാതാപിതാക്കൾ.

"മകനേ.... നീയൊന്ന് തിരിച്ചുവന്നാൽ മതി.... നിനക്കിഷ്ടമുള്ള എന്തെങ്കിലും ജോലിചെയ്ത് ഞങ്ങളുടെ കൺവെട്ടത്ത് കഴിഞ്ഞാൽ മതി."

പേജ് 8


## മോളിയുടെ അടുക്കള



*ലോകം മുഴുവൻ ഉപരോധിച്ചാലും മൂന്ന് കൊല്ലകാലത്തേക്ക് മോളിയും കുടുംബവും പട്ടിണികിടക്കുകയില്ല*

-ക്ലോഡ് ആൽവാരിസ്

## ചോദ്യോത്തരം



**ലിറ്റിൽ മാസിക ആദ്യം കാണുമ്പോൾ തന്നെ ഒരു മതിപ്പ് തോന്നിക്കുന്നില്ല.കെട്ടിലും മട്ടിലും ഒട്ടും ആകർഷണീയമല്ലല്ലൊ.. ?**

ഏറ്റവും ചുരുങ്ങിയ ചിലവിൽ പ്രിന്റ് ചെയ്യാവുന്ന ഫോർമാറ്റാണിത്.40-50 പേജിൽ ഉൾക്കൊള്ളിക്കേണ്ട മാറ്ററുകൾ 16 പേജിൽ ഒതുക്കുമ്പോൾ വരുന്നകുഴപ്പവുമുണ്ട്.
ആദ്യകാഴ്ചയിലെ അനാകർഷണീയതയെ അതിജീവിക്കുന്നവരെയാണ് മാസികയിലെ ഉള്ളടക്കം കാത്തിരിക്കുന്നത്.

copyleft

മുഖലേഖനം



# നമ്മുടെ കുട്ടികൾ.. അവരുടെ സ്വപ്നങ്ങൾ

**അവിര ജോൺസ്**

*ആ പിതാവ് മകളെ ചോലമരങ്ങളിലൊന്നിന്റെ തണലിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഇലകളും ചില്ലകളും ഇളംകാറ്റിലുലയുന്നത് കാട്ടിക്കൊടുക്കും. ഇലകളെ കുറിച്ച്, ഇലകൾക്കുള്ളിലെ ശാഖകളെ കുറിച്ച്, ശാഖകൾ വിടരുന്ന തായത്തടിയെക്കുറിച്ച് ഒക്കെ മെല്ലെ പറയാൻ തുടങ്ങും. കാറ്റ് ശക്തമോ ദുർബലമോ ആകുന്ന വിവിധ ഋതുഭേദങ്ങൾക്കനുസരിച്ച് ഇലച്ചാർത്തുകളുടെ ഇളകിയാട്ടവും വ്യത്യസ്തമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കും. നിശ്ചലരായി നിന്ന് അവർ എല്ലാം നിരീക്ഷിക്കും. ഒരിലപോലുമനങ്ങാത്ത നേരങ്ങളിൽ, കാറ്റിന്റെ നേരിയ ഒരു ശകലം വരുന്നതു കാത്ത് മുഖത്തോടുമുഖം നോക്കി, മനമടക്കി അങ്ങനെ ഏറെനേരം നിൽക്കും. കാറ്റിലേക്കു മാത്രമല്ല പുഴയിലേക്കും അവരുടെ കണ്ണുകൾ ചെന്നെത്തും...*

ജപ്പാനിലെ മഹത്തായ വിദ്യാഭ്യാസ മാതൃകയായ റ്റോമോ സ്കൂൾ സ്ഥാപകൻ സൊസാകു കോബായാഷിയാണ് ഈ പിതാവ്. ഇളയ മകൾ മിയോചാനുമൊത്തുള്ള ഈ പ്രകൃതി സഞ്ചാരത്തിന്റെ അനുഭവം-തെത്സുകോ കുറോയാനഗി രചിച്ച 'ടോട്ടോചാനി'ൽ നിന്നുള്ളതാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

തന്റെ മക്കളെയെന്നപോലെ തന്റെ വിദ്യാർത്ഥികളെയും സ്നേഹിച്ചിരുന്നു കോബായാഷി മാസ്റ്റർ. നൈസർഗ്ഗികതയ്ക്ക് (Naturalness) അദ്ദേഹം ഒരുപാട് വിലകൽപ്പിച്ചു. കുഞ്ഞുങ്ങളുടെ വ്യക്തിത്വം കഴിയുന്നത്ര നൈസർഗ്ഗികമായി വികസിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഈ നൈസർഗ്ഗിതകയായിരുന്നു റ്റോമോ വിദ്യാലയത്തിൽ പൂത്തുലഞ്ഞ് സൗരഭ്യം പടർത്തിയിരുന്നത്.

തെരുവിൽ ഒരു യുവാവ് ധരിച്ച ടീഷർട്ട് ശ്രദ്ധിച്ചു. അതിൽ എഴുതിയതിങ്ങനെ: "ഐ ബോൺ ഇന്റലിജന്റ് ബട്ട് സ്കൂൾ റൂയിൻ മീ" ഇന്നത്തെ വിദ്യാഭ്യാസത്തെ ഒറ്റവാക്കിൽ ടീഷർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്കൂൾ കുട്ടിയുടെ സഹജമായ ശേഷികളെ നശിപ്പിക്കുന്നുവെന്ന് പലരും പറയുന്നുണ്ട്. അനുഭവത്തിൽ ഇത് സത്യമെന്ന് മനസ്സിലാക്കും. സ്കൂളിൽ നിന്നും കലാശാലകളിൽ നിന്നും പഠനം പൂർത്തിയാക്കിയവരേക്കാളും എത്രയോ മടങ്ങ് 'സ്കൂൾ മുടക്കി'കളാണ് ലോകത്ത് മഹാത്ഭുതങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. കോളേജ് പഠനം പൂർത്തിയാക്കാത്ത സ്റ്റീവ് ജോബ്സ് ആപ്പിൾ എന്ന വലിയ ബ്രാന്റിന്റെ സ്ഥാപകനായി.

**ശാസ്ത്ര പ്രതിഭയായ ആൽബർട്ട് ഐൻസ്റ്റീൻ ഈ കാലത്ത് നമ്മുടെ കേരളത്തിലെ സ്കൂളുകളിലൊന്നിലാണ് പഠിച്ചിരുന്നതെങ്കിൽ അഞ്ച് വിഷയത്തിൽ പോലും എ പ്ലസ് കിട്ടുമായിരിക്കില്ല.**

വ്യത്യസ്തമായ പത്തു വിഷയങ്ങളിലും ഒരു പോലെ കേമൻമാരാവുന്ന അതിപ്രതിഭാ ശാലികൾ നമ്മുടെ നാട്ടിൽ അല്ലാതെ വേറെ എവിടെയും ഉണ്ടാവില്ല.

## കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച്...

കുട്ടികൾക്ക് വേണ്ടി ധാരാളം നിയമങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ബാലാധ്വാന നിരോധനം സംബന്ധിച്ച 1997 ലെ ഓസ്ലോ സമ്മേളനത്തിന്റെയും കുട്ടികൾക്ക് നേരെയുള്ള ലൈംഗിക ചൂഷണത്തിനെതിരായ 1996 ലെ സ്റ്റോക്ക്ഹോം സമ്മേളനത്തിന്റെയും 2001 ലെ യോക്ഹോമ സമ്മേളനത്തിന്റെയും തീരുമാനങ്ങൾ നമ്മുടെ രാജ്യം സ്വീകരിച്ച് നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ട്.
ബാലവേല, ലൈംഗികചൂഷണം, ഇവയിൽ നിന്നുള്ള

സംരക്ഷണം, തുല്യത, സൗജന്യമായ പ്രാഥമിക വിദ്യാഭ്യാസം, സാമ്പത്തികസംരക്ഷണം, സുരക്ഷിതത്വം... തുടങ്ങിയ ഒരുപാട് സംരക്ഷണ സംവിധാനങ്ങൾ കുട്ടികൾക്കു വേണ്ടി നമ്മുടെ നാട്ടിൽ നിയമപരമായി നിലവിലുണ്ട്.

എന്നാൽ കുട്ടികളുടെ നൈസർഗ്ഗികതയും, സർഗ്ഗവാസനകളും, അഭിരുചികളും, സഹജവാസനകളും ഭാവനയും കുട്ടികളിൽ നിന്ന് കവരാതെ നിലനിർത്താൻ അവരെ വലിയവരുടെ മൂശയിൽ വാർക്കപ്പെടാതെ സ്വതന്ത്രരാക്കാൻ നിയമമുണ്ടോ? ചട്ടങ്ങളുണ്ടോ?

## കുട്ടികൾക്കെതിരെയുള്ള സാർവ്വത്രിക കുറ്റകൃത്യങ്ങൾ..

-കുട്ടിയുടെ അഭിരുചിയും താൽപര്യവും കണക്കിലെടുക്കാതെ പഠനവിഷയങ്ങൾ, കോഴ്സുകൾ, സിലബസ്സുകൾ അടിച്ചേൽപിക്കപ്പെടുന്നത്.
-വിനോദവും വിശ്രമവും ഒഴിവുകാലവും നിർബന്ധിത ബോധന/പരിശീലനങ്ങൾക്കായി കവർന്നെടുക്കുന്നത്.
-അമിതമായ പഠനഭാരം, വിജ്ഞാനഭാരം, സമ്മർദ്ദം, മത്സരം ഇവ അടിച്ചേൽപ്പിക്കുന്നത്.
-സ്വകാര്യ വിദ്യാഭ്യാസ സംരംഭകരുടെ ഇരകളാകാൻ അനുവദിക്കുന്നത്.
-പഠനത്തിന്റെ പേരിൽ സ്നേഹബന്ധങ്ങൾ നിഷേധിക്കുന്നത്.
-കഠിനമായ നിയന്ത്രണങ്ങൾ അടിച്ചേൽപിക്കുന്നത്.

പുതിയ ബാലപീഡനങ്ങൾ അവസാനിക്കുന്നില്ല.

* * *

അന്നുവിന് പ്ലസ്ടുവിന് എല്ലാത്തിനും എ പ്ലസ് കിട്ടി. സയൻസ് ഗ്രൂപ്പായതിനാൽ മെഡിക്കൽ/എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിലുണ്ടോ എന്നായി എല്ലാവരുടെയും ചോദ്യം. എൻട്രൻസിന് അപേക്ഷ തന്നെ കൊടുത്തില്ല എന്നറിയിച്ചപ്പോൾ എല്ലാവർക്കും അമ്പരപ്പ്. ചിലർക്ക് പരിഭവം, മറ്റു ചിലർക്ക് ദേഷ്യം. സയൻസ് ഗ്രൂപ്പ് എടുത്ത് പഠിച്ചിട്ട് പിന്നെ എന്തുചെയ്യാൻ? മകൾ ഇംഗ്ലീഷ് സാഹിത്യം പഠിക്കാൻ പോകുന്നു എന്നു പറഞ്ഞപ്പോൾ പലരും പിതാവിനെ ഉപദേശിച്ചു പിന്തിരിപ്പിക്കാൻ നോക്കി. മകളുടെ അഭിരുചിയാണ് തീരുമാനത്തിന് പിന്നിലെന്ന് ആ പിതാവ് തീർത്തുപറഞ്ഞിട്ടും പലർക്കും വിശ്വാസം വരുന്നില്ല.

* * *

ഈയിടെ വിവാഹിതയായ ഡോക്ടറായ മകളെക്കുറിച്ച് ഒരു പിതാവിന്റെ വേദന നിറഞ്ഞ വാക്കുകൾ. ബോർഡിംഗിലും നവോദയാ സ്കൂളിലുമായി സ്കൂൾ പഠനം. സ്കൂൾ കഴിഞ്ഞ് ഉടൻ തന്നെ എൻട്രൻസ് പരിശീലനത്തിന് ദൂരെ പറഞ്ഞയച്ചു. അതുകഴിഞ്ഞ് മെഡിസിന് 5 വർഷം. പിന്നീട് ഒരു വർഷം പി.ജി.യ്ക്കു വേണ്ടിയുള്ള എൻട്രൻസ് പരിശീലനം. പിന്നീട് പി.ജി. പഠനം. ശേഷം ഉടൻ വിവാഹം. ഇന്നിപ്പോൾ ഭർത്താവും കുടുംബവുമായി ദൂരെ നഗരത്തിൽ. തിരക്കുപിടിച്ച ഡോക്ടറായി ജോലി ചെയ്യുന്നു. എന്റെ മകളെ ശരിക്കൊന്നു ലാളിച്ചിട്ടുപോലുമില്ലെന്ന് പിതാവ് നെഞ്ചുരുകി പറയുന്നു. അവൾക്ക് തന്നെ കാണാനും ഇപ്പോൾ കൊതിയില്ല എന്നു പറഞ്ഞയാൾ വിതുമ്പുന്നു.

രോഗികൾക്ക് അനാവശ്യമായി മരുന്നു കുറിച്ച് കൊടുത്ത് മരുന്നുകമ്പനിക്ക് ലാഭമുണ്ടാക്കിയ കേസിൽ ജാമ്യാപേക്ഷയുമായി കോടതിയിൽ തലകുനിച്ച് നിൽക്കുകയാണ് യുവാവായ ഡോക്ടർ. കോടതി മുറിയിലിരുന്ന അഭിഭാഷകർ അടക്കം പറഞ്ഞു. "ഇങ്ങനെയൊരു ഡോക്ടറാവുന്നതിലും ഭേദം നമുക്ക് ചായ കൊണ്ടുതരുന്ന കുമാരനെ പോലെയാവുന്നതാണ്. ഒന്നുമില്ലെങ്കിലും നാട്ടുകാരെ കൊലയ്ക്ക് കൊടുക്കാത്ത പണി ചെയ്യുന്ന ആളാണല്ലോ കുമാരൻ."

## കരിയർ ഗുരുക്കൻമാരോട് ഒരു ചോദ്യം

എസ്.എസ്.എൽ.സിയും പ്ലസ്ടുവും ഒക്കെ കഴിഞ്ഞ് ഇനിയെന്ത് എന്ന് ആലോചിച്ച് കഴിയുന്ന കുട്ടികൾക്കു വേണ്ടി ഉപദേശങ്ങളുമായി ഓടിനടക്കുന്ന കരിയർ ഗുരുക്കൻമാർ ഏത് തൊഴിലും മാന്യതയുള്ളതാണെന്നും, തൊഴിലിന്റെ വലിപ്പമല്ല അതിലർപ്പിക്കുന്ന സത്യസന്ധതയാണ് വലുത് എന്നും കുട്ടികൾക്ക് പറഞ്ഞുകൊടുക്കുമോ.

പഠിക്കുന്ന കാലത്ത് ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ സജീവമായിരുന്ന, പിന്നീട് പരിസ്ഥിതി സാമൂഹ്യ പ്രസ്ഥാനങ്ങളിൽ ഇടപെട്ട് പ്രവർത്തിച്ച ഒരു സുഹൃത്തിനെ ദീർഘനാളുകൾക്കുശേഷം കണ്ടുമുട്ടി. പലതും പറയുന്ന കൂട്ടത്തിൽ തന്റെ രണ്ട് മക്കളെയും പുതുതായി തുടങ്ങിയ ഇന്റർനാഷണൽ സ്കൂളിൽ ചേർത്ത കാര്യവും പറഞ്ഞു. കൗതുകത്തിന് അവിടുത്തെ കാര്യങ്ങളന്വേഷിച്ചു. പ്രതിവർഷം ഒരു കുട്ടിക്ക് മാത്രം 80,000/- രൂപ ചിലവ് വരുമത്രെ! സോക്സും ഷൂവും പുസ്തകവും ഭക്ഷണവും കുട്ടികൾക്ക് കണ്ട് ഓമനിക്കാനുള്ള പശുക്കിടാവിനെ വരെ അവിടെ കിട്ടുമത്രെ! ഒരു ഇടത്തരം പട്ടണത്തിലെ കാര്യമാണിത്. നഗരങ്ങളിൽ ഇതിലും എത്രയോ ഫീസീടാക്കുന്ന പഞ്ചനക്ഷത്ര സ്കൂളുകൾ ഉയർന്നുവരുന്നുണ്ട്. സാമ്പത്തികമായി വളരെ ഉന്നതിയിൽ നിൽക്കുന്നവരുടെ മക്കൾക്കുമാത്രം അഥവാ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുട്ടിയുമായി പോലും ഇടപഴകാൻ അവസരം കിട്ടാത്ത ഒരു സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്ന, ഇംഗ്ലീഷ് ഉച്ചാരണം മാത്രം പഠിച്ചിറങ്ങുന്ന കച്ചവട സ്ഥാപനത്തിൽ കുട്ടികളെ പറഞ്ഞയക്കുന്നതിൽ അഭിമാനിക്കുന്ന ആദർശധീരനായ പഴയ വിദ്യാർത്ഥി നേതാവിനെ കണ്ടപ്പോൾ സങ്കടം തോന്നി.

### ശിഷ്യപാഠം

**സുകേതു**

കുട്ടികളിൽ നിന്നും കിട്ടിയ
ഒരു പാഠമുണ്ട്:
കുട്ടിയാവുക; അങ്ങേയറ്റം വരെ!

*ലോകത്തിൽ ഒരു കുട്ടിയെങ്കിലും ദു:ഖിതനായിരിക്കുന്ന കാലത്തോളം യാതൊരു കണ്ടുപിടിത്തങ്ങളും മഹത്തായ യാതൊരു പുരോഗതിയും പ്രാധാന്യമുള്ളതല്ല.*

***ആൽബർട്ട് ഐൻസ്റ്റീൻ***

*മഹത്തായ ജീവിതം നയിച്ച മറ്റമ്മ എന്ന് താൻ വിളിക്കുന്ന തന്റെ മുത്തശ്ശിയെ കുറിച്ച് സി.പി. സുരേഷ് ബാബു എഴുതിയ ഓർമ്മക്കുറിപ്പുകൾ ലിറ്റിൽ മാസിക മറ്റമ്മയുടെ ലോകം എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചതിൽ നിന്ന്..*




# മറ്റമ്മയും കൊയ്ത്തും

പാടത്ത് പണി നടക്കുന്ന നാളുകളിൽ മറ്റമ്മയ്ക്ക് വിശ്രമമില്ല. പതിവിലും നേരത്തെ മറ്റമ്മ ഉണരും. നുരിയിടാൻ വരുമ്പോഴും, ഞാറു നടുമ്പോഴും, കള പറിക്കുമ്പോഴും, കൊയ്യുമ്പോഴും ആരുടെയും വയറ് വിശക്കരുത്.

പണിക്കാർക്ക് സമയാസമയങ്ങളിൽ ഭക്ഷണം കൊടുക്കുന്നത് മറ്റമ്മ നിഷ്ഠയോടെ ചെയ്തുപോന്നു. എന്റെ വീട്ടിൽ ഒരിക്കൽ പോലും കപ്പയോ മധുരക്കിഴങ്ങോ പുഴുങ്ങി പണിക്കാർക്ക് കൊടുത്തത് എനിക്കോർമ്മയില്ല. രാവിലെ കഞ്ഞിയും ചക്കപ്പുഴുക്കും ചമ്മന്തിയും അല്ലെങ്കിൽ പുട്ടും കടലയും ഉച്ചയ്ക്ക് കഞ്ഞി, പുഴുക്ക്.

കൊയ്ത്തുകഴിഞ്ഞ് ആദ്യത്തെ കറ്റ ഇടാൻ കിഴക്കെ മുറ്റത്ത് അരിമാവു കൊണ്ട് അണിയും. അഞ്ചുതിരിയിട്ട് കത്തിച്ച നിലവിളക്കുമായി മറ്റമ്മ തന്നെ കറ്റയെ സ്വീകരിക്കാനെത്തും. ആ കറ്റ കൊണ്ടുവരുന്ന ആൾക്ക് കോടി മുണ്ട് കൊടുക്കും. പിന്നെ ഭക്ഷണം വിളമ്പി അയാൾ കഴിച്ച് തീരുന്നതുവരെയും മറ്റമ്മ അവിടെ തന്നെ നിൽക്കും. വരിവരിയായി കറ്റകൾ എത്തുന്നത് ഒരു കാഴ്ച തന്നെയായിരുന്നു. പടിവരെ നിരന്നിരുന്ന് അവർ കഞ്ഞി കുടിക്കുന്നത് കാണാൻ എന്ത് രസമായിരുന്നു!

പാടത്ത് പിടിതാൾ പെറുക്കാൻ വരുന്നവരെ ആർക്കും ഇഷ്ടമായിരുന്നില്ല. അകത്ത് പത്തായത്തിലെത്താനുള്ള നെല്ലാണ് അവർ കൊണ്ടുപോവുന്നത് എന്നാണ് ചന്തുണ്ണി പറയുക. ചില കാലങ്ങളിൽ കൊയ്ത്തിന് കൂടുന്നതിനേക്കാൾ ലാഭം പിടിതാൾ പെറുക്കുന്നതാണ്. പതം കിട്ടുന്നതിനേക്കാൾ കൂടുതൽ നെല്ല് പിടിതാൾ പെറുക്കി ഉണ്ടാക്കാം. അവരെ കാണുമ്പോൾ ആട്ടിയോടിക്കുന്നത് ചന്തുണ്ണിയുടെ ഇഷ്ടവിനോദമായിരുന്നു. അവരിൽ ചിലർ കഞ്ഞികുടിക്കാനും വീട്ടിലെത്തുമ്പോൾ ചന്തുണ്ണിയുടെ ക്ഷമ നശിക്കും. മറ്റമ്മ പറയും "വിശന്ന വയറിന് ഭക്ഷണം തന്നെ വേണം ചന്തുണ്ണ്യേ.. അതെവ്ട്ന്നാ കിട്ട്വാച്ചാല് അവരങ്ങോട്ടു പോകും.."

കുറേ ദൂരത്തുള്ള കയലോട്ട് പാടത്ത് കൊയ്ത്തു കഴിഞ്ഞാൽ ആദ്യത്തെ കറ്റയെത്താൻ 4-4 $^1/_2$ മണിയാകും. പണിക്കാർ വരുന്നതും കാണാതെ മറ്റമ്മ ചേറ്റുപടിയിൽ കിടന്ന് സമയം തള്ളിനീക്കും. അവർക്ക് കഞ്ഞി കൊടുത്താലേ മറ്റമ്മ എന്തെങ്കിലും കഴിക്കൂ... ഈ പാടം ജീവിതത്തിൽ ഒരിക്കൽപ്പോലും മറ്റമ്മ നേരിട്ട് കണ്ടിട്ടില്ല. എന്നാലും പണിക്കാരുടെ വിവരണങ്ങളിൽ നിന്ന് അവിടുത്തെ എല്ലാ കാര്യവും മറ്റമ്മയ്ക്ക് ഹൃദിസ്ഥമായിരുന്നു. അതിരുകളിലെ മരങ്ങളും, അടഞ്ഞ തോടുകളും, തുറന്ന തോടുകളും എല്ലാം മറ്റമ്മയ്ക്കറിയാം. അതിരിലെ പാടങ്ങളിലെ ആൾക്കാരെയും അവരുടെ കുടുംബത്തിലെ എല്ലാ വിശേഷങ്ങളും മറ്റമ്മയ്ക്കറിയും. നെൽകറ്റകൾ മെതിക്കാനായി ചാണകം മെഴുകിയ മുറ്റത്ത് കൂട്ടിയിട്ട് മെതി കഴിഞ്ഞ് നെല്ല് ചേറി വൃത്തിയാക്കും. പുഴുങ്ങലും ഉണക്കലും ഇടവേളയില്ലാതെ നടക്കും. നാല് കയ്യുണ്ടായാലും പോരാ എന്നു തോന്നും. സന്തോഷത്തോടെ ഈ പണികളെല്ലാം ചെയ്യണം അല്ലെങ്കിൽ മഹാലക്ഷ്മി പിണങ്ങും. പത്തായത്തിൽ വെള്ള ചിറകുള്ള ഒരുതരം പാറ്റകൾ പാറികളിക്കുന്നത് കാണാം. പത്തായം അടക്കുമ്പോഴോ തുറക്കുമ്പോഴോ ഒരു പാറ്റയും ജീവൻ അബദ്ധത്തിൽ പോലും നഷ്ടപ്പെട്ടുകൂടാ- നെൽപ്പാറ്റകൾ ഐശ്വര്യമാണെന്ന് മറ്റമ്മ പറയും- നെന്മണികളും മഹാലക്ഷ്മിയാണ്. ഒരു മണി നെല്ല് പോലും അലക്ഷ്യമായി കളയരുത്. ചവിട്ടരുത്. വെറുതെ വായിലിട്ട് കൊറിക്കരുത്.

ഈ നെല്ലും പറമ്പിലുള്ള പ്ലാവുകളിലും മാവുകളിലും തെങ്ങുകളിലും വിളയുന്ന ഫലങ്ങളുമായിരുന്നു മറ്റമ്മയുടെ അക്ഷയപാത്രം- പ്ലാവുകൾക്കെല്ലാം പേരുകളുണ്ടായിരുന്നു. ശീവോതി പ്ലാവ്, ചന്തുട്ടി പ്ലാവ്, മണിയൻ പ്ലാവ്, ഗോമതി പ്ലാവ് ഇങ്ങനെ.... ഓരോ പ്ലാവിന്റെ ചക്കയ്ക്കും ഓരോ സ്വാദാണ്. ചിലത് പഴുപ്പിക്കാൻ നല്ലത്, ചിലത് എരിശ്ശേരി വെക്കാൻ നല്ലത്, ചിലത് വറുക്കാനെടുക്കാം. വൃശ്ചികമാസത്തിൽ ഇടിച്ചക്കയാകും. കർക്കിടകത്തിലും ചക്കയുണ്ടാകും. ചിലപ്പോൾ ചിങ്ങത്തിലും കന്നിയിലും വരെ ചന്തുട്ടി പ്ലാവിൽ ചക്കയുണ്ടാകും.

വേനലായാൽ പള്ള്യാളിയിൽ കായ്കറി കൃഷി തുടങ്ങും. വെള്ളരിക്ക, കുമ്പളങ്ങ, മത്തൻ, കക്കിരി, വെണ്ട.... ഇങ്ങനെയെല്ലാ പച്ചക്കറികളും ഇഷ്ടം പോലെയുണ്ടാകും. എന്തിനേറെ ഒരു കാപ്പിമരവും കൂടിയുണ്ടായിരുന്നു. അതിൽ കാപ്പിക്കുരു പഴുക്കുന്നതും കാത്ത് ഞങ്ങളിരിക്കും. കുരു എടുത്ത് വറുത്ത് പൊടിച്ച് കാപ്പിയുണ്ടാക്കി കുടിക്കും. അത് വറുക്കുമ്പോഴുള്ള ഒരു ഗന്ധം!! അയൽവീട്ടുകാരുമെത്തും കാപ്പി കുടിക്കാൻ..

കാപ്പി കുടിക്കുന്നതുപോലെ പഴുത്ത ചക്ക മുറിക്കുന്നതും ഉത്സവത്തിന് കൊടിയേറുന്നതുപോലെയായിരുന്നു. നെടുമ്പുരയിൽ നിരന്നിരിക്കും. മുറിച്ച ചക്ക എത്തലാക്കി മൂക്ക് ചെത്തി കൈകളിലെത്തുമ്പോൾ ഇന്നത്തെ കുട്ടികൾക്ക് ഐസ്ക്രീം കിട്ടുമ്പോഴുള്ള സന്തോഷമായിരുന്നു ഞങ്ങൾ കുട്ടികൾക്ക്. ചക്കയുടെ ഓരോ ഭാഗത്തിനും പേരുണ്ടായിരുന്നുവെന്നത് ആ ഫലത്തിന്റെ പ്രാധാന്യത്തെ കുറിക്കുന്നു. ചവുണി, പോണ്ടി, മടല്, കൂഞ്ഞ എന്നിവയെന്താണെന്ന് ഇന്നത്തെ കുട്ടികൾക്കറിയുമോ ആവോ..? മടലും കൂഞ്ഞയും തൊഴുത്തിലെ പശുക്കൾക്കുള്ളതാണ്. അത് ചെറുതായി അരിഞ്ഞ് കൊടുത്തില്ലെങ്കിൽ പശുക്കൾ നമ്മെ ശപിക്കും. അടുത്ത ജന്മത്തിൽ കൊന്ത്രമ്പല്ലൻമാരായി ജനിക്കും എന്നാണ് വിശ്വാസം. ഈ വിശ്വാസം മിണ്ടാപ്രാണികളായ പശുക്കളെ ചക്കമടൽ എളുപ്പത്തിൽ തിന്നുതീർക്കുന്നതിന് ഏറെ സഹായിച്ചു. ചക്ക തിന്നുമ്പോൾ മുളഞ്ഞ് (വിളഞ്ഞി) കയ്യിൽ പറ്റാതിരിക്കാൻ വെളിച്ചെണ്ണ പുരട്ടും. എത്ര കഴിച്ചാലും മതിയാവാത്ത തേൻവരിക്ക, ദഹനക്കേടുണ്ടാക്കുമ്പോൾ ഞങ്ങൾക്ക് കുടിക്കാൻ മറ്റമ്മ ചുക്കുകാപ്പി തരും. ഞങ്ങളുടെ വെക്കേഷൻ കാലം മറ്റമ്മയ്ക്ക് ചക്കക്കാലവും മാങ്ങക്കാലവും ആയിരുന്നു. എല്ലാവർക്കും ഇതെല്ലാം കൊടുക്കുന്നതായിരുന്നു മറ്റമ്മയ്ക്ക് ഇഷ്ടം. ഒരു ചക്കച്ചുളയോ മാങ്ങാപ്പൂളോ മറ്റമ്മ കഴിക്കുന്നത് ഞങ്ങളാരും കണ്ടിട്ടില്ല. എല്ലാം എല്ലാവർക്കും കൊടുക്കുന്നതിലായിരുന്നു അവരുടെ ആനന്ദം.

*(മറ്റമ്മയുടെ ലോകം: കോപ്പികൾക്ക് എം.ഒ. 150/- രൂപ അയക്കുക. വിലാസം: ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ.,)*

പഴയ പത്രക്കടലാസുകൊണ്ട് ഒരു വിചിത്ര ഗ്രന്ഥം ഉണ്ടായ കഥ..

# പൂജ്യം

അപ്പു മുട്ടറ

പത്രക്കടലാസു കൊണ്ടുള്ള പല പല ഉപയോഗങ്ങളും ലിറ്റിൽ മാസിക വായനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പൊങ്ങച്ചമില്ലാത്ത പലർക്കും അവ പ്രയോജനപ്പെട്ടിട്ടുണ്ടാകാം. നമ്മിലേറെ പേരും ഒറ്റ വായനയ്ക്കു ശേഷം ദിനപത്രത്തിൻമേൽ കൈവെയ്ക്കുന്നത് ആക്രിക്കാരനെത്തുമ്പോൾ മാത്രമാണ്. അതോടെ ദിനപത്രം 'ദീനപ്പത്ര'മായി, പടിയിറങ്ങുന്നു. ജന്മനാളിനു ശേഷം നിഷ്ഠൂരമായി കുടിയിറക്കപ്പെടുകയെന്നതാണ് അതിന്റെ ദുർവിധി! ഇത്ര ദയനീയമായി നിന്ദിക്കപ്പെടുന്ന മറ്റൊരു ഗുരുശ്രേഷ്ഠൻ ഈയുലകത്തിലുണ്ടാവില്ല.

ഞെക്കിയണക്കാനോ ഊതിക്കെടുത്താനോ വഴങ്ങിത്തരാത്ത എത്രയെത്ര വെളിച്ചപ്പൊട്ടുകളുടെ സാമ്രാജ്യത്തെയാണ് നാം രണ്ട് മടക്കുമടക്കി നെഞ്ചത്തൊരിടിയും കൊടുത്ത് നിത്യവും മൂലയിലേക്കെറിഞ്ഞുകളയുന്നതെന്നോർത്തുനോക്കൂ. ഇന്നറിഞ്ഞതിന്റെ ബാക്കിയെ ബോധഫലകത്തിൽ നിന്ന് മായ്ച്ചുകളയാനായി മറ്റൊന്ന് തൊട്ടടുത്ത പുലരിയിൽ വന്നു കയറുകയായി. വാർത്തയിലെ അപരദുരിതങ്ങളോടുള്ള ഉപേക്ഷാഭാവം തന്നെയാണ് വാർത്താപത്രികയോടും നാം പുലർത്തിപ്പോരുന്നത്. ഈ അപരാധം തിരിച്ചറിയപ്പെടേണ്ടതാണെന്നതുകൊണ്ട് അനുകരണീയമായ ഒരു വിജ്ഞാനവ്യായാമം ഞാനിവിടെ കുറിക്കട്ടെ.

പേപ്പർ കട്ടിംഗുകൾ സൂക്ഷിച്ചുവെയ്ക്കുന്ന ശീലം എനിക്കുമുണ്ട്, പലരെയും പോലെ. ലേഖനങ്ങൾ, അന്വേഷണപരമ്പരകൾ, കവർസ്റ്റോറികൾ, രേഖാചിത്രങ്ങൾ, ആരോഗ്യകുറിപ്പുകൾ, പ്രകൃതിരക്ഷാപാഠങ്ങൾ എന്നിവയ്ക്കെല്ലാം പുറമേ വിസ്മയാവഹങ്ങളായ ചില വിശിഷ്ട വാർത്താശകലങ്ങളും, ഫോട്ടോകളും കാർട്ടൂണുകളും വരെയുണ്ടാകും ശേഖരത്തിൽ. പലപ്പോഴും ഈ പത്രത്തുണ്ടുകൾ വ്യവസ്ഥിതമായ വിധം സൂക്ഷിച്ചുവെക്കാനും, ആവശ്യമായവ അനായാസം കണ്ടെത്താനും വൈഷമ്യമനുഭവപ്പെടാറുണ്ട്.

ഇതിന് പരിഹാരമെന്ന നിലയിൽ ഞാനൊരു വലിയ നോട്ട്ബുക്കിന്റെ താളുകളിൽ കുറേ തുണ്ടുകൾ പശതേച്ചൊട്ടിച്ചുവെച്ചു. താളുകൾ മുഴുവനും നിറഞ്ഞുകഴിഞ്ഞപ്പോൾ ബുക്കിന് കൈവന്ന അസുന്ദരമായ വീർപ്പം പക്ഷേ, എന്നെ അസംതൃപ്തനും ചിന്താകുലനുമാക്കി. ഒടുവിൽ അതിനും കണ്ടെത്തി നല്ലൊരു പരിഹാരം. അതുപറയാം.

ഡെമ്മി നാലിലൊന്ന് അതായത് എ-ഫോർ കമ്പ്യൂട്ടർ കടലാസെടുത്ത് കുറുകെ മടക്കി നാല് പേജാക്കി. മാറ്റർ കൃത്യവലിപ്പത്തിൽ വെട്ടിയെടുത്ത് ഓരോ പുറത്തും ക്രമാനുക്രമമായി ഒട്ടിച്ചുവെച്ചു. വലിയ തലക്കെട്ടുകൾ ഒട്ടിക്കുന്നതിനുപകരം വൃത്തിയായി എഴുതിച്ചേർത്തു. അഞ്ഞൂറ് പേജായപ്പോൾ അവയുടെ നല്ല തെളിമയുള്ള സീറോക്സ് കോപ്പികളെടുത്തു. പേജുകൾ ക്രമപ്പെടുത്തി ഒരു പ്രസ്സിൽ കൊടുത്ത് ബൈന്റ് ചെയ്യിച്ചു. മനോഹരമായ ഒരു പുസ്തകം! ഇത്തരം പകർപ്പുകൾ എത്ര വേണമെങ്കിലും തയ്യാറാക്കാം, അല്പം ഒന്ന് മിനക്കെടണമെന്നുമാത്രം. ഒരുറുമ്പുകടിയെങ്കിലും സഹിക്കാതെ മാങ്ങ പറിച്ചിറങ്ങാനാവുമോ?

അങ്ങനെ എനിക്കൊരു വിചിത്ര ഗ്രന്ഥമുണ്ടായി. അതിന് ഞാൻ കൊടുത്ത പേരാണ് 'പൂജ്യം'.

***'പൂജ്യം' കോപ്പി വേണമെന്നുണ്ടെങ്കിൽ വിളിക്കുക- 9809679682***

*മൈഗ്രെയ്ൻ എന്ന ഭീകര തലവേദനയുള്ളവർക്ക് പുൽത്തകിടി ചികിൽസ...*

## പുൽത്തകിടിയും മൈഗ്രെയ്നും

വെറുമൊരു നിസ്സാരപ്പെട്ട പുല്ലിനെക്കുറിച്ച് ഇത്രയേറെ വിസ്മയിക്കാനുണ്ടോ എന്ന് തോന്നുന്നുണ്ടോ? എങ്കിൽ കേൾക്കുക: പുൽത്തകിടിയുടെ ഒരു വരപ്രസാദമഹിമ കൂടി.

മൈഗ്രെയ്ൻ എന്ന ഭീകര തലവേദനയുള്ള എത്രയോ പേരുണ്ടല്ലോ നമുക്കിടയിൽ? നിഷ്ഫലമായ എന്തെല്ലാം ചികിത്സകൾ ചെയ്ത് മനോവേദന കൂടി സമ്പാദിച്ചു. അവർക്ക് പുൽത്തകിടി ഒരനുഗ്രഹമാകുന്നത് പറഞ്ഞുതരാം. വെളുപ്പിന് നാലരയോടെ ഒരു ഗ്ലാസ് ശുദ്ധമായ പശുവിൻപാൽ തിളപ്പിച്ചാറ്റി തണുപ്പിച്ച് അതിൽ ഏഴെട്ട് ബദാം പരിപ്പും ഇട്ട് ഭദ്രമായി അടച്ചു സൂക്ഷിച്ചുവെക്കുക. വെളുപ്പിന് 5 മണിയോടെ ഉറക്കമുണർന്ന് വെള്ളം പോലും കുടിക്കാതെ പുറത്തേക്കിറങ്ങുക. മഞ്ഞിൽ നനഞ്ഞുകിടക്കുന്ന പുൽത്തകിടിയിൽ നഗ്നപാദനായി മെല്ലെ മെല്ലെ നടക്കുക (നടക്കുന്നതിനു മുമ്പ് പുൽത്തകിടി ഒന്ന് പരിശോധിച്ച് അപകടരഹിതമെന്നുറപ്പാക്കണം). സൂരോദയം വരെ നടപ്പ് തുടരാം. ഇനി വന്ന് പാത്രത്തിലെ ബദാം പരിപ്പ് ചവച്ചിറക്കി, പാൽ മുഴുവൻ കുടിക്കണം. ചിലർക്കിത് ഒറ്റത്തവണ ചെയ്താൽ തന്നെ രോഗമുക്തിയുണ്ടാകും. ചിലർക്ക് ഒന്നുരണ്ട് ദിവസങ്ങൾക്കൂടി ഇത് ചെയ്യേണ്ടി വരാറുണ്ട്. ഒറ്റത്തവണ കൊണ്ട് തീർത്തും രോഗമുക്തനായതിന്റെ അനുഭവജ്ഞാനമാണ് ഇതെഴുതാൻ എന്നെ പ്രേരിപ്പിച്ചത്.

-അപ്പു മുട്ടറ

*പുല്ല് വെറും 'പുല്ല്'ല്ല എന്ന അപ്പു മുട്ടറയുടെ ലേഖ നത്തിൽ നിന്ന് വിട്ടു പോയ ഭാഗമാണിത്.ഈ ഭാഗം കൂടി ചേർത്ത് വായിക്കുമല്ലോ -എഡിറ്റർ*

മുഖലേഖനം

സ്വാശ്രയജീവിതത്തിന്റെ വലിയൊരു മാതൃകയാണ് മോളി പോളിന്റെ വീടും പറമ്പും. ലോകം മുഴുവൻ ഉപരോധിച്ചാലും മൂന്ന് കൊല്ലകാലത്തേക്ക് മോളിയും കുടുംബവും പട്ടിണികിടക്കുകയില്ല ഉപ്പും പഞ്ചസാരയും മാത്രമാണ് അവർ കാശുകൊടുത്ത് കടയിൽ നിന്ന് വാങ്ങുന്നത്. ബാക്കിയെല്ലാം അവർ സ്വന്തമായി ഉൽപാദിപ്പിക്കുന്നു.**മോളിയുടെ അടുക്കളയിൽ നിന്നും നമുക്കേറെ പഠിക്കാനുണ്ട്..**

# മഞ്ജുവാര്യരിൽ നിന്ന് മോളി പോൾ എന്ന വീട്ടമ്മയിലേക്ക്

അബ്ദുള്ളക്കുട്ടി എടവണ്ണ

കോട്ടയം ജില്ലയിലെ ഭരണങ്ങാനത്തുള്ള മോളിപോൾ എന്ന വീട്ടമ്മയെ കാണാൻ ചലചിത്ര നടൻ ശ്രീനിവാസൻ ഒരു ദിവസം വന്നെത്തി. അദ്ദേഹം നേരെ വന്നത് മോളിയുടെ അടുക്കളയിലേക്കാണ്. ഒട്ടേറെ പുതുമകളുള്ള ആ അടുക്കളയെ കുറിച്ച് കേട്ടറിഞ്ഞാണ് അദ്ദേഹം വന്നത്. ശ്രീനിവാസൻ മാത്രമല്ല ക്ലോഡ് ആൾവാരിസിനെ പോലെയുള്ള സയന്റിസ്റ്റുകൾ ഉൾപ്പെടെയുള്ള പല പ്രമുഖരും ഈ അടുക്കള കാണാൻ ഇപ്പോൾ വന്നെത്തുന്നുണ്ട്. ലോകത്തിനു മുമ്പിൽ ഒരു മാതൃകയാവുകയാണ് ഒരു സാധാരണ വീട്ടമ്മയുടെ അടുക്കളയും അവരുടെ ജീവിതവും.

സ്വാശ്രയജീവിതത്തിന്റെ വലിയൊരു മാതൃകയാണ് മോളി പോളിന്റെ വീടും പറമ്പും. ക്ലോഡ് ആൾവാരിസ് പറഞ്ഞത് ലോകം മുഴുവൻ ഉപരോധിച്ചാലും മൂന്ന് കൊല്ലകാലത്തേക്ക് മോളിയും കുടുംബവും പട്ടിണികിടക്കുകയില്ല എന്നാണ്. ഉപ്പും പഞ്ചസാരയും മാത്രമാണ് അവർ കാശുകൊടുത്ത് കടയിൽ നിന്ന് വാങ്ങുന്നത്. ബാക്കിയെല്ലാം അവർ സ്വന്തമായി ഉൽപാദിപ്പിക്കുന്നു. ഒരു തരി മണ്ണുപോലും ഒഴിച്ചിടാതെ, മണ്ണിൽ മാത്രമല്ല പാറയുടെ മുകളിൽ പോലും അവർ കൃഷിചെയ്യുന്നു. 80 തരം ഭക്ഷ്യവിഭവങ്ങൾ മോളിയുടെ പറമ്പിൽ വിളയുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നത്, പരിസരപഠനവുമായി ബന്ധപ്പെട്ട് സന്ദർശിക്കാനെത്തിയ സ്കൂൾകുട്ടികളാണ്. അവർ പറമ്പിൽ സൂഷ്മമായി നിരീക്ഷിച്ച് പട്ടികപ്പെടുത്തിയതാണ് ഈ കണക്ക്.

കൃഷിചെയ്യുന്നതിലെ പുതുമ മാത്രമല്ല മോളിയെ വേറിട്ടു നിർത്തുന്നത്. കൃഷിചെയ്തുണ്ടാക്കുന്ന ഭക്ഷ്യവിഭവങ്ങൾ സംസ്കരിച്ച് സൂക്ഷിക്കുന്നതിലാണ്. ഇങ്ങനെ ഉണക്കി സംസ്കരിച്ച് ഇനം തിരിച്ച് ഭരണിയിലാക്കി സൂക്ഷിക്കുന്ന വലിയൊരു സ്റ്റോക്ക് റൂമാണ് മോളിയുടെ അടുക്കള. അടുക്കളയുടെ ചുമരുകളിൽ ഉള്ള തട്ടുകളിൽ നിരനിരയായി വെച്ച വെളുത്ത ചില്ലു ഭരണികൾ കണ്ടാൽ ഒരു സൂപ്പർമാർക്കറ്റിലെ ഷോക്കേസു പോലെ .. എണ്ണിയാൽ തീരാത്ത സാധനങ്ങൾ! ഒരു ഭാഗത്ത് വിവിധ പയർവർഗ്ഗങ്ങൾ, എള്ള്, മുതിര, ഉഴുന്ന്, റാഗി പോലെ ചെറു ധാന്യങ്ങൾ പച്ചക്കറികളും പഴങ്ങളും ചീന്തി വെയിലത്തിട്ട് ഉണക്കി ഭരണിയിലാക്കി വച്ചിട്ടുണ്ട്. അവ ഉപയോഗിച്ച് വിവിധ രീതിയിൽ പാചകം ചെയ്യാനും അവർക്കറിയാം. റോബസ്റ്റ്, ഏത്തപ്പഴം എല്ലാം ഉണക്കിയത് വെറുതെ കഴിക്കാനും രുചികരം! കിഴങ്ങുവർഗ്ഗങ്ങളുമുണ്ട് സ്റ്റോക്കിൽ. ചക്കകുരു ഉണക്കി പൊടിച്ച് വച്ചിരിക്കുന്നു. അടുക്കള ചുമരിന്റെ ഒരു ഭാഗം മുഴുവൻ ബഹുവർണ്ണ ചിത്രങ്ങളാണ്. മോളിയുടെ തോട്ടത്തിൽ വിരിഞ്ഞ പൂക്കളുടേയും കായ്കറികളുടേയും ഫോട്ടോകൾ. ഭർത്താവ് പോൾ ഫോട്ടോഗ്രാഫറായതുകൊണ്ട് യഥേഷ്ടം ഭംഗിയോടെ പകർത്തിയ ഫോട്ടോകൾ! പിന്നെ അടുക്കള സന്ദർശിക്കാനെത്തിയ പ്രമുഖരുടെ ചിത്രങ്ങൾ, പത്രവാർത്തകൾ.... ഭാഗികമായി ഓടുമേഞ്ഞ ഈ കുഞ്ഞുവീടിന്റെ ഏറ്റവും മനോഹരമായ ഏരിയ അടുക്കള തന്നെ..മോഡേണായ ബ്രാന്റഡ് നിർമ്മാണ സാമഗ്രികൾ അല്ല ജൈവീകതയുടെ അലങ്കാരങ്ങൾ ആണ് ഈ അടുക്കളയെ സ്വർഗ്ഗതുല്യമാക്കുന്നത്. അടുക്കളയുടെ പിൻഭാഗത്തെ വാതിലിന്റെ ഉമ്മറപ്പടിയിലേക്ക് ഒലിച്ചുവരുന്ന ഒരു കാട്ടുചോല. അതിൽ നിന്ന് തെളിഞ്ഞ വെള്ളം കോരിയെടുക്കാം. 40 സെന്റിനോടടുത്താണ് പുരയിടം. തൊട്ടടുത്ത് സ്വന്തമായി കുറച്ച് റബ്ബറുണ്ട്. അതാണ് പ്രധാന വരുമാനം. കുറച്ചകലെ സ്വന്തമാവശ്യത്തിന് നെല്ല് വിളയിക്കാനുള്ള വയലും.

ഭർത്താവ് പോൾ ഭരണങ്ങാനത്ത് സ്റ്റുഡിയോ നടത്തുന്നു. രാവിലെ ടാപ്പിംഗ് കഴിഞ്ഞാണ് പോൾ സ്റ്റുഡിയോയിൽ പോവുക. റബ്ബർപാൽ ശേഖരിക്കുന്നത് മോളിയാണ്. പിന്നെ തൊഴുത്തിൽ മൂന്ന് പശുക്കൾ, അടുക്കളയിലെ പാചക ജോലികൾ, പറമ്പിലെ കൃഷിപ്പണികൾ, നെല്ല് പുഴുങ്ങിയുണക്കൽ, കോഴി, മീൻ, തേനീച്ച, പട്ടി, പ്രാവ് തുടങ്ങിയവയുടെ സംരക്ഷണകാര്യങ്ങൾ, വീടിനകത്ത് കിടപ്പിലായ ഭർതൃപിതാവിന്റെ പരിചരണങ്ങൾ. മോളിക്ക് നിത്യവും തിരക്കാണ്. ദിവസവും നാലോ അഞ്ചോ റോൾ കൈകാര്യം ചെയ്താണ് താൻ ജീവിക്കുന്നതെന്ന് അവർ പറയും. ഒരു റോളിന് ദിവസക്കൂലി 300 രൂപ വെച്ചുകൂട്ടിയാൽ ഏകദേശം 1200 - 1500 രൂപയുടെ ജോലി നിത്യവും താൻ ചെയ്യുന്നതായി അവർ പറയുന്നു. രാവിലെ നാല് മണിക്ക് തുടങ്ങി വൈകിട്ട് 7 മണിക്ക് തീരുന്ന ഡ്യൂട്ടി. പഴമയുടെ പുതുമയിൽ ജീവിക്കുന്ന താൻ സന്തോഷത്തോടെ ആസ്വദിച്ചാണ് ഈ കാര്യങ്ങൾ ചെയ്യുന്നത്. പറഞ്ഞിട്ടും തീരാത്ത മോളിയുടെ കാർഷിക വിവരണങ്ങൾ കേട്ടാൽ നമുക്ക് തോന്നും, ഇവർ ജീവിതത്തിലെ ഓരോ നിമിഷവും ആസ്വദിക്കുകയാണ്.




മോളിപോൾ

വിഷമില്ലാത്ത ആഹാരമുൽപാദിപ്പിച്ച്, പാകം ചെയ്ത്, വിളമ്പുന്ന വീട്ടമ്മമാർ ഇന്ന് സാമൂഹ്യവളർച്ചയുടെ മുൻനിരപോരാളികളാണെന്ന് മോളി സാക്ഷ്യപ്പെടുത്തുന്നു.

15 തരം വാഴകൾ, 16 തരം ഇലക്കറികൾ, 5 തരം പാവയ്ക്കയും വഴുതനയും കോവലും ഇങ്ങനെ ജൈവവൈവിധ്യ സംരക്ഷണം കൂടിയാണ് ഈ വീട്ടമ്മ നടത്തുന്നത്. പാറയുടെ മുകളിൽ ഇഷ്ടിക കെട്ടി അതിൽ മണ്ണ് നിറച്ചും ആക്രികടയിൽ നിന്ന് കിട്ടുന്ന പഴയ ഫ്രിഡ്ജുകളിൽ മണ്ണ് നിറച്ചും ചേമ്പും ചേനയുമെല്ലാം ഇവർ വിളയിക്കുന്നു. പഴയ ഫ്രിഡ്ജിൽ വെള്ളം നിറച്ച് ഭക്ഷ്യാവശ്യങ്ങൾക്കായി മൽസ്യം വളർത്തുന്നതും കൗതുകകരമായ കാഴ്ചയാണ്. വീടിന്റെ ഉമ്മറവും തിണ്ണയും ഇറയത്തും ടെറസ്സിന് മുകളിലും പച്ചക്കറികളും അലങ്കാരച്ചടികളും വിന്യസിച്ചിരിക്കുന്നു. വീടിന്റെ ഒരു വശത്തെ മതിലിൽ, മിനറൽ വാട്ടറിന്റെ ബോട്ടിലിന്റെ കഴുത്ത് മുറിച്ചു മാറ്റി അതിൽ മണ്ണ് നിറച്ച് ദ്വാരമിട്ട് ചെടികൾ വളർത്തിയത് ആണിയടിച്ച് തൂക്കിയിട്ടിരിക്കുന്നത് പുതുമയുള്ള കാഴ്ചയാണ്. നിരനിരയായി തൂങ്ങികിടക്കുന്ന ഈ ചെടികൾ ഉള്ളതുകൊണ്ട് മതിലിന് പെയിന്റ് അടിക്കേണ്ട കാര്യവുമില്ല എന്ന് മോളിപറയുന്നു. ചവിട്ടുവഴി മാത്രം വിട്ട് ഒരു തരി മണ്ണുപോലും തരിശിടാതെയാണ് പുരയിടമത്രയും ക്രമീകരിച്ചിരിക്കുന്നത്.


എല്ലായിടത്തും റബ്ബർ വെച്ച് കാശുണ്ടാക്കുകയും ആ കാശ് കൊണ്ട് വിഷമുള്ള ഭക്ഷ്യവസ്തുക്കൾ വാങ്ങികഴിക്കുകയും ആശുപത്രിച്ചെലവ് കൂട്ടുകയും ചെയ്യുന്ന മണ്ടത്തരമല്ലേ പലരും ചെയ്യുന്നതെന്ന് മോളിപോൾ ചോദിക്കുന്നു. ബുദ്ധിവൈകല്യങ്ങളുള്ള കുട്ടികളുടെ എണ്ണം ഇടുക്കിയിലെ തോട്ടം മേഖലകളിൽ കൂടിവരുന്നതിന്റെ കാരണവും മറ്റൊന്നുമല്ല. ദൈവം തന്ന ആയുസ്സിന് നമ്മളാണ് ഫുൾസ്റ്റോപ്പിടുന്നത്! മോളിപോളിന്റെ ഈ തെളിഞ്ഞ ചിന്തകൾ അവർ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു. ഈ ചിന്തകളും അനുഭവങ്ങളും അവതരിപ്പിക്കാൻ ക്ലോഡ് ആൾവാരിസ് എന്ന ശാസ്ത്രജ്ഞൻ ന്യൂഡൽഹിയിലെ നോയിഡയിൽ നടക്കുന്ന ഒരു സെമിനാറിലേക്ക് ഈ വീട്ടമ്മയെ ക്ഷണിച്ചിരിക്കുന്നു. വെള്ളിത്തിരയിലെ സാങ്കല്പിക കഥാപാത്രമായ നിരുപമയല്ല, മോളി പോൾ എന്ന ജീവിക്കുന്ന വീട്ടമ്മ തന്നെയാണ് സ്വാശ്രയ ജൈവ ജീവിതത്തിന്റെ ബ്രാൻഡ് അംബാസിഡർ ആകേണ്ടത്. സംശയമില്ല!


വിലാസം മോളിപോൾ,
ദീപ്തി ജംഗ്ഷൻ,
മേലമ്പാറ, ഭരണങ്ങാനം,
കോട്ടയം, പാലാ വഴി,
ഫോൺ: 9961603253

ഞാനെന്റെ പാദുകങ്ങളഴിച്ചിട്ട്
മധുരമായ മണമുള്ള പുൽത്തകിടികളിലൂടെ നടക്കുന്നു....
കാട്ടുപറവകൾ ഭയമന്യെ എന്റെ ഒപ്പം ചേരുന്നു..
എന്റെ ഹൃദയം പ്രകൃതിയുമായി ഒന്നിക്കുന്നു...
പൂവിതളുകൾ വീണുകൊണ്ടിരിക്കുന്നതിന്റെ
താഴെ ഞാനെന്റെ കുപ്പായം അഴിച്ചിടുന്നു..

**സെൻ കവിത**



*സി.വി. ഗോവിന്ദൻകുട്ടി വാര്യർ*

# മരിക്കുവോളം ഞാൻ കൃഷി ചെയ്യും...

**അക്കു**

"ഇഴഞ്ഞിഴഞ്ഞ് വാഴയുടെ ചോട്ടിലെത്തി വെള്ളമൊഴിച്ചു കൊടുക്കാൻ തനിക്ക് പറ്റുന്ന കാലം വരെ കൃഷിചെയ്യും!" ഇത്ര ആർജ്ജവത്തോടെ ഈ വാക്കുകൾ പറയുന്നത് സി.വി. ഗോവിന്ദൻകുട്ടി വാര്യർ എന്ന വാര്യർ മാഷ്! വാര്യർ മാഷിനിപ്പോൾ വയസ്സ് എൺപത്തിമൂന്ന്!വാർധക്യത്തിന്റെ അലട്ടലുകളില്ല. കൃഷിയിടത്തിലെ വിളവുകളെ കുറിച്ചാണ് വാര്യർ മാഷിന്റെ ആകുലതകളത്രയും. വാർധക്യമേൽപ്പിക്കുന്ന അവശതകളും അവഗണനകളും ഒറ്റപ്പെടലും ചർച്ച ചെയ്യാനൊന്നും മാഷിന് നേരമില്ല. താത്പര്യവുമില്ല. പാടത്തും പറമ്പിലും ഓടി നടന്ന് നെല്ലും വാഴയും റാഗിയും പയറും പച്ചക്കറികളും എല്ലാം ജൈവരീതിയിൽ വിളയിച്ച് വാർധക്യം ആഘോഷിക്കുകയാണ് ഇദ്ദേഹം. അതിനിടയിൽ ജൈവകൃഷിയുടെ ഗൗരവമായ പഠനവുമുണ്ട്.

**എൺപതുകഴിഞ്ഞ വിദ്യാർത്ഥി**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ആറുമാസത്തെ ജൈവകൃഷി സർട്ടിഫിക്കറ്റ് കോഴ്സിന് ചേർന്ന് പരീക്ഷയെഴുതി വിജയകരമായി വാര്യർ മാഷ് കോഴ്സ് പൂർത്തിയാക്കിയത് രണ്ടുവർഷം മുമ്പാണ്. പഠനത്തിനും അനുഭവങ്ങൾ പങ്കുവെക്കാനുമായി എല്ലാ വർഷവും മെയ് മാസത്തിൽ കേരളത്തിലെ വ്യത്യസ്ത ജില്ലകളിൽ നടക്കാറുള്ള സംസ്ഥാന ജൈവകർഷക സംഗമത്തിന് പതിവായി മാഷ് വന്നെത്തുന്നു.

രണ്ടുവർഷം മുമ്പാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ജൈവകൃഷിക്ക് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുവെന്നും പ്രായപരിധിയില്ലെന്നും അറിഞ്ഞപ്പോൾ വാര്യർമാഷ് മറ്റൊന്നും ആലോചിച്ചില്ല. കോഴ്സിന് ചെർന്നു. ആറ് മാസം ദൈർഘ്യമുള്ള കോഴ്സ്. കോട്ടയത്തുവെച്ചാണ് ക്ലാസ്സുകൾ. ഞായറാഴ്ചകളിൽ. കെ.വി. ദയാലടക്കമുള്ള വിദഗ്ദ്ധരാണ് അധ്യാപകർ. ഫീൽഡ് വിസിറ്റും പ്രായോഗിക പാഠങ്ങളുമുണ്ടാകും. വാര്യർമാഷ് മകൾ ഗീതയെ തുണകൂട്ടി ശനിയാഴ്ചകളിൽ രാത്രി അങ്ങാടിപ്പുറത്തു നിന്ന് രാജ്യറാണി എക്സ്പ്രസ്സിന് കയറും. പുലർച്ചെ കോട്ടയം സ്റ്റേഷനിലിറങ്ങി വിശ്രമിച്ച് നേരെ യൂണിവേഴ്സിറ്റിയിലേക്ക് പോകും. കുളിയും പ്രഭാതകാര്യങ്ങളെല്ലാം അവിടെ നിന്ന്. പിന്നെ ജിജ്ഞാസുവായ ഒരു വിദ്യാർത്ഥിയായി ക്ലാസ്സുകൾ ശ്രദ്ധിച്ച് നോട്ടെഴുതിയെടുത്ത് സംശയങ്ങൾ ചോദിച്ച് ജൈവകൃഷി പാഠങ്ങൾ ഉരുവിട്ട് പഠിക്കും. ക്ലാസ്സുകഴിഞ്ഞ് രാത്രി തിരിച്ച് ട്രെയിനിൽ അങ്ങാടിപ്പുറത്തേക്ക്. തിങ്കളാഴ്ച പുലർച്ചെ വീട്ടിലെത്തും. ഈ വിധം ആറു മാസം പഠിച്ച് പരീക്ഷയെഴുതി വിജയകരമായി സർട്ടിഫിക്കറ്റ് കരസ്ഥമാക്കി വാര്യർ മാഷ് എല്ലാവരേയും അമ്പരപ്പിച്ചു.

**ചെമ്മാണിയോട്ടെ ഒറ്റവൈയ്ക്കോൽ വിപ്ലവം**

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണക്കടുത്തുള്ള ചെമ്മാണിയോട്ടെ സി.വി. ഗോവിന്ദൻകുട്ടി വാര്യർ മാഷ് 1986 ൽ പച്ചീരി എ.യു.പി. സ്കൂളിൽ നിന്ന് അധ്യാപകവൃത്തിയിൽ നിന്ന് വിരമിച്ചു. അന്നുതൊട്ട് കൃഷിയിൽ സജീവമായി.

മണ്ണ് ആഴത്തിൽ വെട്ടിയെടുത്ത് നിരപ്പാക്കിയ, മേൽമണ്ണ് നഷ്ടപ്പെട്ട പറമ്പിനെ ഫലഭൂയിഷ്ഠമായ കൃഷിഭൂമിയാക്കി പരിവർത്തിപ്പിച്ച അനു വങ്ങൾ വാര്യർ മാഷ് പറയുമ്പോൾ

വാര്യർമാഷിനിപ്പോൾവയസ്സ് എൺപത്തിമൂന്ന്! വാർധക്യത്തിന്റെ അലട്ടലുകളില്ല. കൃഷിയിടത്തിലെ വിളവുകളെ കുറിച്ചാണ് വാര്യർ മാഷിന്റെ ആകുലതകളത്രയും. വാർധക്യമേൽപ്പിക്കുന്ന അവശതകളും അവഗണനകളും ഒറ്റപ്പെടലും ചർച്ച ചെയ്യാനൊന്നും മാഷിന് നേരമില്ല. താത്പര്യവുമില്ല. പാടത്തും പറമ്പിലും ഓടി നടന്ന് നെല്ലും വാഴയും റാഗിയും പയറും പച്ചക്കറികളും എല്ലാം ജൈവരീതിയിൽ വിളയിച്ച് വാർധക്യം ആഘോഷിക്കുകയാണ് ഇദ്ദേഹം.

യുവത്വത്തിന്റെ ഊർജ്ജമാണ് പകർന്നുകിട്ടുക. അഴുകി ചേരുന്ന എല്ലാ പാഴ്‌വസ്തുക്കളും ഊഷരമായ മണ്ണിൽ കൊണ്ടു വന്നിട്ട് മണ്ണിനെ പുതപ്പിച്ച്, പയറ് വിതച്ച്, അതു വെട്ടിയിട്ട്.... ഇങ്ങനെ ജീവനുള്ള മേൽമണ്ണ് ഉണ്ടാക്കിയെടുത്ത് കൃഷി ആരംഭിച്ച കഥ വാര്യർ മാഷ് പറയുമ്പോൾ അത് മറ്റൊരു ഒറ്റവൈക്കോൽ വിപ്ലവമാകുന്നു. ചെറു ധാന്യങ്ങൾ മിക്കതും അദ്ദേഹം കൃഷിചെയ്യുന്നുണ്ട്. ഒരു പശുവുണ്ട്. ആവശ്യത്തിന് എല്ലാ പച്ചക്കറികളും വാഴയും നെല്ലും. അങ്ങാടിയെ ആശ്രയിക്കാതെ മണ്ണിൽ അധ്വാനിച്ച് വിളവുണ്ടാക്കി വിഷമില്ലാത്ത ആഹാരം കഴിക്കണമെന്ന് നിഷ്ഠപുലർത്തുന്നു മാഷ്. കേരള ജൈവകർഷക സമിതിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു. കൃഷി സംബന്ധമായി താനെന്നും വിദ്യാർത്ഥിയാ ണെന്നാണ് അദ്ദേഹം പറയുക. സംശയ നിവൃത്തി ക്കായി വായനയുണ്ട്, പിന്നെ, ദയാൽ, ടോണി തോമസ് തുടങ്ങിയ ഈ രംഗത്തെ വിദഗ്ദ്ധന്മാരെ ഫോണിൽ വിളിക്കും.

**കൃഷിയാണ് പ്രാർത്ഥന**

വയസ്സുകാലത്ത് മന്ത്രവും സ്തോത്രവും ഉരുവിട്ട് മൂലക്കൽ ഒതുങ്ങിക്കൂടെ എന്ന് ചിന്തിക്കുന്നവരെയൊന്നും മാഷ് ഗൗനിക്കാറില്ല. തന്റെ പ്രവർത്തനാ മന്ത്രങ്ങൾ കൃഷിതന്നെയാണ്. മണ്ണിനെ സ്നേഹിച്ച്, പശുവിനെ പരിപാലിച്ച്, കാർഷിക വിളകൾ നട്ടുനനച്ച് കഴിയുമ്പോൾ അതു തന്നെയാണ് ഏറ്റവും വലിയ ഈശ്വരപൂജ എന്നാണ് മാഷിന്റെ വിശ്വാസം. അതിനപ്പുറം ഈശ്വരപൂജയും അനുഷ്ഠാനമൊന്നും പതിവില്ല.

*ഒരു പിതാവിന്റെ സ്മരണകൾ നിലനിർത്താൻ ഒരേക്കറോളം വരുന്ന സ്ഥലത്ത് മരങ്ങൾ നിറഞ്ഞ ഒരു സ്മൃതിവനം തീർത്ത് മക്കൾ മാതൃകയാവുകയാണ്..*

# ജീവനുള്ള സ്മാരകങ്ങൾ

**ചന്ദ്രബാബു തൃക്കലങ്ങോട്**




ഗാന്ധിജിയുടെയും നെഹ്റുവിന്റെയും മറ്റ് മഹാൻമാരുടെയും ഒക്കെ പേരിൽ രാജ്യത്തുടനീളം കെട്ടിടങ്ങളും സ്തൂപങ്ങളും മറ്റ് വിവിധ രൂപത്തിലുള്ള സ്മാരകങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഇത്തരം സ്മാരകങ്ങളാവട്ടെ, അത് പ്രതിനിധീകരിക്കുന്ന മഹാരഥൻമാരുടെ ആശയാദർശങ്ങളുമായോ ജീവിതദർശനങ്ങളുമായോ യാതൊരു വിധത്തിലും പൊരുത്തപ്പെടാത്തതുമാണ്. പലപ്പോഴും അവരുടെ സ്മരണകളെ പോലും അപമാനിക്കുന്ന വിധത്തിലാണ് ഈ സ്മാരകങ്ങളുടെ അവസ്ഥ.

വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും ശുചിത്വത്തിന്റെ ആദർശം ഉയർത്തിപ്പിടിച്ച മഹാത്മജിയുടെ പ്രതിമകളും സ്മാരകങ്ങളും തെരുവോരങ്ങളിൽ ഏറ്റവും വൃത്തിഹീനമായ അവസ്ഥയിൽ നിത്യേന ഗാന്ധിനിന്ദ നിർവ്വഹിക്കുകയാണ്. മൺമറഞ്ഞവർക്കുള്ള സ്മാരകങ്ങൾ ഇങ്ങനെ മൃതാവസ്ഥയിൽ തന്നെ നിൽക്കണമെന്നുണ്ടോ? ഇവിടെയാണ് സാധാരണക്കാരിൽ സാധാരണക്കാരനായ ഒരു പിതാവിന്റെ സ്മരണകൾ നിലനിർത്താൻ ഒരേക്കറോളം വരുന്ന സ്ഥലത്ത് മരങ്ങൾ നിറഞ്ഞ ഒരു സ്മൃതിവനം തീർത്ത് മക്കൾ മാതൃകയാവുന്നത്.

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴിയിലുള്ള വരകുളം കവലയ്ക്ക് സമീപം കൊച്ചുവീട്ടിൽ കേശവൻ എന്നമനുഷ്യന്റെ മരണശേഷം തറവാട്ട് ഭൂമി കഷ്ണങ്ങളാക്കി വേദനയുടെ മുറിവുകൾ തീർക്കാൻ തയ്യാറാവാതെ മക്കൾ പിതൃസ്വത്തായ ഒരേക്കർ ഭൂമിയിൽ നിറയെ മരങ്ങൾ നട്ടുപിടിപ്പിച്ച് പൊതുഇടമാക്കി നിലനിർത്താനൊരുങ്ങുകയാണ്.

കേശവൻ സ്മൃതിവനം എന്ന പേരിലുള്ള ഈ സ്മാരകം വെറുമൊരു സ്മാരകം മാത്രമല്ല, ചുറ്റുപാടിലേക്ക് ജീവന്റെ ഓജസ്സുറ്റ കിരണങ്ങൾ പ്രസരണം ചെയ്യുന്ന ഒരിടം കൂടിയായി മാറുന്നു. മനുഷ്യനു മാത്രമല്ല, കിളികളും മറ്റ് ജീവികളും അടക്കമുള്ള എല്ലാ ജീവജാലങ്ങൾക്കും ഇവിടേക്ക് പ്രവേശനമുണ്ട്. ഭൂമിയിലെ, ആരും ആട്ടിയോടിക്കാനില്ലാത്ത അഭയകേന്ദ്രമായി കേശവൻ എന്ന ഒരു സാധാരണ മനുഷ്യന്റെ സ്മരണ പുലരുകയാണ്. മരണത്തിനു ശേഷവും ഒരാൾക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയുന്നത് സ്മാരകങ്ങൾ കൂടി ജീവനുള്ളതാകുമ്പോഴാണ്. നിർജ്ജീവമായ കെട്ടിടങ്ങൾക്കും റോഡുകൾക്കും മഹാരഥൻമാരുടെ പേരിട്ട് അവരുടെ ഓർമ്മകളെ മലീമസമാക്കുന്ന പ്രവൃത്തികളിൽ നിന്ന് ഒരു മോചനമുണ്ടാകാൻ കേശവൻ സ്മൃതിവനം ഒരു മാതൃകയാകുമോ?

(2015 ഏപ്രിൽ 18 തിയ്യതിയിലെ പത്രവാർത്തയോട് കടപ്പാട്)

ഫോട്ടോ- പ്രതീഷ്

# ബുദ്ധനും ക്യാമറയും

എം. പി. പ്രതീഷ്

വെളിച്ചം തിരഞ്ഞുകൊണ്ടിരിക്കുന്ന ഒരു കുട്ടി ആയിരുന്നു ഞാൻ. മൂന്നു വയസ്സാകും മുമ്പേയുണ്ടായ ആദ്യത്തെ പ്രവാസാനുഭവം - അമ്മയുടെ ഉടലിൽ നിന്നുള്ള വേറിടൽ - ഏകാന്തത നിറഞ്ഞ ഒരിടത്തേക്ക് ഞാനെത്തിപ്പെടുകയായിരുന്നു. ഇരുൾ നിറഞ്ഞുകിടന്ന, നിശ്ശബ്ദത മയങ്ങിക്കിടന്ന ഒരു പ്രാചീന വനം. ഒരു പാടു മുറികൾ, പഴുതുപോലുള്ള കിളിവാതിലുകൾ, തണുപ്പ്, കഥകൾ, ഭയം, നിഴലുകൾ. എല്ലാം കൂടി അർദ്ധതാര്യമായ ഒരു പരിസരം എന്നിൽ തുന്നിച്ചേർത്തിരുന്നു.

ഏകാകിതയുടെ ഇരുട്ടിൽ നിന്നും ഞാൻ പ്രകാശത്തിന്റെ ചെറിയ ചെറിയ തരികൾ ശേഖരിച്ചു തുടങ്ങി. കിണറിന്റെ അടിത്തട്ടിൽ വെള്ളം, ചെറു ചെടികളുടേയും പുല്ലുകളുടേയും പച്ച, വീണുകിടന്ന കിളിത്തൂവലുകൾ, തോരയിട്ട കുപ്പായങ്ങൾ - ഇവയ്ക്കുള്ളിലൂടെ കടന്നുപോരുന്ന പ്രകാശമായിരുന്നു അത്. ചില്ലുകഷ്ണങ്ങൾക്കും, കോട്ടികൾക്കും, മഷിക്കുപ്പിക്കും ഇലകൾക്കും ഉള്ളിലൂടെ വരുന്ന പ്രകാശം. ആ വെളിച്ചത്തിനാവട്ടെ നിശ്ശബ്ദമായൊരീണം അകമ്പടിയുണ്ടായിരുന്നു. നട്ടുച്ചകളിൽ ഞാൻ, ഉറക്കം പിടിച്ച മുറികൾ തുറന്ന് തൊടിയിലേക്കിറങ്ങും. മരങ്ങൾക്കും വാഴകൾക്കും താഴെ നടക്കും. മണ്ണിൽ നിന്നും കിട്ടുന്ന പൊട്ടിയ ചില്ലുകഷ്ണം കഴുകി, തുടച്ച്, വെളിച്ചത്തിനു നേരെ പിടിക്കും.

ചെരിപ്പുകളില്ലാതെ, ഭൂമിയുടെ നിറമുള്ള വസ്ത്ര ത്തോടെ പ്രകൃതിയിലേക്കിറങ്ങുന്നേരം എന്റെ വേഗത കുറഞ്ഞു. ശ്വാസം പതുക്കെയായി. മിഴിയിമ കൂടുതൽ മിഴിവുള്ളതായി. മണങ്ങൾ, ഈണങ്ങൾ കൂടുതൽ അഗാധമായി. ഇലയിലും പുല്ലിലും മണ്ണിലും ജലത്തിലും കാല്പാദങ്ങൾ ആഴത്തിൽ തൊട്ടു. തണുപ്പും ചൂടും വേറിട്ടറിഞ്ഞു. ശലഭങ്ങളുടേയും തുമ്പികളുടേയും ഷഡ്പദങ്ങളുടേയും പുഴുക്കളുടേയും പറവകളുടേയും ഉറുമ്പുകളുടേയും ഒച്ചിന്റേയും പ്യൂപ്പകളുടേയും ശരീരങ്ങൾ എന്നോട് മിണ്ടിത്തുടങ്ങുകയായിരുന്നു. ഞാൻ ശലഭത്തോടൊപ്പം തെന്നിയുയർന്നു താണു. പുഴുവിനോളം വളഞ്ഞു. ഒച്ചിനൊപ്പം അരിച്ചു. മണ്ണിരയോളം താഴ്ന്നു. ഒരു മനുഷ്യനെന്ന നിലയിൽ ഞാൻ എന്റെ ലോകാന്തരങ്ങളെല്ലാം അഴിച്ചുവെക്കാൻ തുടങ്ങിയിരുന്നു. ഒരു പുതിയ കുട്ടിയെപ്പോലെ ഞാൻ ക്യാമറയ്ക്കൊപ്പം നടന്നു.

ജനിച്ച വീട്ടിലേക്കുള്ള ഈ മടങ്ങിവരവുകൾക്കിടയിൽ ഞാൻ യന്ത്രത്തിന്റെ ശ്രുതികൾക്കും കാതോർത്തിരുന്നു. നിശ്ചലമായ ചതുരങ്ങളുണ്ടാക്കി.. വേഗതയും വെളിച്ചവും ക്രമീകരിച്ചു. ചിത്രങ്ങങ്ങൾ സൂക്ഷിച്ചു. എന്നിട്ടും ഫോട്ടോയെടുക്കാതെ ഏറെനേരം നടത്തങ്ങളിൽ നിൽപിൽ ഒലിച്ചുപോയി. ക്യാമറയെ മറന്നു തുടങ്ങി.

ക്യാമറ കാണുന്നതിനുമുമ്പേ വെളിച്ചവും നിഴലും ചേർന്നൊഴുകുന്ന ചിത്രത്തിന്റെ ജനിതകം ഞാൻ സ്പർശിച്ചിരുന്നു. ഏറെക്കാലത്തിനുശേഷം കൈവന്ന ചെറിയൊരു ക്യാമറയുമായി ഞാൻ ചുറ്റുവട്ടങ്ങളിൽ നടന്നു തുടങ്ങി. ഒരു യന്ത്രത്തിന്റെ ഭാഷ എനിക്ക് തീരെ അപരിചിതമായിത്തോന്നി. സാങ്കേതികതയുടെ ലിപികൾ ഞാൻ തെറ്റിവായിച്ചു. എങ്കിലും അത് മറ്റൊരു ഭാഷയെ എനിക്ക് തന്നു. വിസ്തൃതമല്ലാത്ത ഞങ്ങളുടെ പരിസരം മരങ്ങൾ നിറഞ്ഞ, ഒട്ടൊക്കെ ആൾപ്പെരുമാറ്റം കുറഞ്ഞ ഇടമായിരുന്നു. ഇലയുടെ, ചെടിത്തണ്ടിന്റെ ഹരിതഛായകളിലേക്ക് ഞാൻ പതിയെപ്പതിയെ അഴിഞ്ഞു വീണു. ഇലഞരമ്പുകൾ അതിന്റെ അനന്തമായിത്തുടരുന്ന പടർപ്പുകൾ, പച്ചയിലേക്ക് വീഴുമ്പോഴെല്ലാം അനിവാര്യമായൊരു തിരിച്ചുവരവിന്റെ ആനന്ദം കൈവന്നു. അമ്മയുടെ മടിത്തട്ടിലേക്ക് മടങ്ങുന്നതുപോലെ സ്വാസ്ഥ്യം നിറഞ്ഞു.

മരങ്ങൾക്കു താഴെ, നിശ്ചലമായി നടക്കുമ്പോൾ ശലഭങ്ങളിൽ ചിലർ എന്റെ ദേഹത്തു വന്നിരുന്നു. ചിലർ തൊടാതെ കടന്നു പോയി. ചിലർ ക്യാമറക്കുള്ളിലേക്കും ചിലർ പുറത്തേക്കും ചിറകടിച്ചു. അതുവരെ കണ്ടിട്ടില്ലാത്ത, നിറഭേദങ്ങളുള്ള കാട്ടുപക്ഷികൾ, ഒരു മനുഷ്യന്റെ സാന്നിദ്ധ്യം ഇല്ലെന്ന ധൈര്യത്തോടെ ഉടലിനെച്ചാരിക്കടന്നുപോയി. അവരവരുടെ ലോകങ്ങളിൽ വ്യാപരിച്ചു. ഇണചേരുന്ന പ്രാണികൾ, ശലഭങ്ങൾ, ഉറങ്ങുന്ന ഷഡ്പദങ്ങൾ, അന്നം ശേഖരിക്കുന്ന ഉറുമ്പുകൾ എല്ലാം അവയിൽത്തന്നെ വിഹരിച്ചു. ഞാനവിടെയില്ലെന്ന മട്ടിൽ. ചിലന്തിക്കുഞ്ഞ് വലനെയ്തുകൊണ്ടിരിക്കുന്നതും വേട്ടാളൻ കൂടുണ്ടാക്കുന്നതും ശലഭങ്ങൾ ഇണചേരുന്നതും ഞാൻ ക്യാമറ അടച്ചുവെച്ച് കണ്ടു.

മനുഷ്യന്റെ ആധികളോ, ആസക്തികളോ, വിചാരങ്ങളോ ഇല്ലാതെ, ഭാരരഹിതമായി, ഭയരഹിതമായി സ്വാസ്ഥ്യത്തോടെ യാത്രചെയ്യുന്നതിന്റെ ധ്യാനാനുഭവമായിത്തീർന്നു എനിക്ക് ക്യാമറ. ഞാൻ തീർച്ചയായും ബുദ്ധനെ ഓർമ്മിക്കുന്നു. ക്യാമറയുമായി വീടുവിട്ടിറങ്ങുന്ന ഒരു സെൻ ബുദ്ധനെ.

# പരസ്യക്കമ്പനിയിലെ അസൂയക്കാരൻ

ജോജോ ജോർജ്ജ്

ഇന്ത്യയിലെ നമ്പർ വൺ പരസ്യ ഏജൻസിയായിരുന്നു ആഡ്പ്ലസ്. അതിന്റെ മുംബൈ ശാഖയിലെ ക്രിയേറ്റീവ് ഡയറക്ടർ ക്രിയേറ്റീവ് തസ്തികയിൽ നിയമിതനായിട്ട് മൂന്ന് വർഷങ്ങളായി. അന്നു മുതൽ ഇന്ത്യയിലെ ഏറ്റവും മികച്ച പരസ്യ സംവിധായകനുള്ള അവാർഡ് തുടർച്ചയായി ലഭിച്ചുപോരുന്നതും അയാൾക്കുതന്നെയാണ്. പെട്ടെന്ന് ഒരു ദിവസം അയാളുടെ മാനേജിംഗ് ഡയറക്ടറായ അജയ് ഘോഷിന്റെ കോൾ.

"ഹലോ, സിറിൽ.. കൺഗ്രാജുലേഷൻസ്. ഈ വർഷവും കമ്പനിയുടെ ഏറ്റവും നല്ല ശാഖക്കുള്ള അവാർഡ് നിങ്ങൾക്കു തന്നെ. കീപ് ഇറ്റ് അപ്." അയാൾ പറഞ്ഞു.കഴിഞ്ഞ നാല് മാസങ്ങ ളായി നിങ്ങളുടെ വളർച്ച ഞങ്ങളെ അത്ഭുത പ്പെടുത്തുന്നു. കമ്പനിയുടെ ഡയറക്ടർബോർഡ് ഐക്യകണ്ഠേന നിങ്ങളെ അഭിനന്ദിക്കുന്നു. മാത്രമല്ല ഈ മാസം നിങ്ങളുടെ ബ്രാഞ്ചിൽ എല്ലാവർക്കും അവരുടെ ശമ്പളത്തിന്റെ അഞ്ചു ശതമാനം പെർഫോമ ൻസ് ഇൻസെന്റീവ് അനുവദിക്കുന്നു. അതോടൊപ്പം അധികമായി ലഭിച്ച ഓർഡറുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുവാനുള്ള അധികാരവും നിങ്ങൾക്ക് തരുന്നു." അജയ്ഘോഷ് തുടർന്നു പറഞ്ഞു. "ആ പുതിയ കോപ്പി റൈറ്ററുടെ പേരെന്താ? ങാ..കിട്ടിപ്പോയി. കിഷോർ ദേവകാന്ത് അല്ലേ. അയാൾ ആളു വളരെ മിടുക്കനാ. അയാൾ നമ്മുടെ കമ്പനിക്കൊരു മുതൽക്കൂട്ടു തന്നെ. അയാളെ ഞങ്ങളുടെ അഭിനന്ദനങ്ങൾ അറിയിക്കൂ. ഓകെ, ബൈ." അജയ് ഘോഷ് സംഭാഷണം അവസാനിപ്പിച്ചു. പെർഫോമൻസ് ഇൻസെന്റീവ് അനുവദിച്ച വിവരം അറിഞ്ഞ് ജെയിംസിന്റെ കീഴ് ജീവനക്കാർ ആഹ്ലാദം കൊണ്ട് മതിമറന്നു. അവിടത്തെ പ്യൂണിനുപോലും അറുന്നൂറ് രൂപ ആ മാസം അധികം കിട്ടാൻ പോകുന്നു. കിഷോർ വന്നപ്പോൾ മുതൽ കമ്പനിക്ക് ഇങ്ങനെ വെച്ചടി വെച്ചടി കയറ്റമാണ്. വീഡിയോ എഡിറ്റർ ആയ സുന്ദർ രാജ് ഓഡിയോ റിക്കാർഡിസ്റ്റ് ആയ നന്ദിനിയോട് പറഞ്ഞു. "കഴിഞ്ഞ നാലു മാസം കൊണ്ട് കമ്പനിയുടെ ബിസിനസ്സ് ഏകദേശം ഇരട്ടിയായിട്ടുണ്ട്." "കിഷോർ നമ്മുടെ കമ്പനിയിലായത് നമ്മുടെ ഒക്കെ ഭാഗ്യമാണ്." നന്ദിനി മറുപടിയായി പറഞ്ഞു.

കഫെറ്റീരിയായിൽ വച്ചു നടന്ന ഈ സംഭാഷണം സിറിൽ മാത്യൂസ് കേൾക്കാനിടയായി. അയ്യായിരം രൂപ പെർഫോമൻസ് ഇൻസന്റീവ് കിട്ടുന്ന സന്തോഷത്തിലായിരുന്ന സിറിൽ മാത്യൂസിന്റെ മനസ്സിൽ അപ്പോൾ കേട്ട ആ സംഭാഷണം കാരണം അസന്തുഷ്ടിയുടെ കാർമേഘങ്ങൾ വന്നു മൂടി. അസ്വസ്ഥനായി അയാൾ കൈകൾ കൂട്ടിത്തിരുമ്മി. നാലുമണിക്ക് തന്റെ മുറിയിൽ തിരിച്ചെത്തിയ സിറിൽ കിഷോറിനെക്കുറിച്ചു തന്നെ ആലോചിക്കുകയായിരുന്നു.

കിഷോർ! അവൻ വളരെ റ്റാലന്റഡ് ആണ്. അവന്റെ ആദ്യത്തെ രണ്ട് പരസ്യങ്ങളും വൻ വിജയമായിരുന്നു. പിന്നീട് വന്നവയും ഒന്നിനൊന്നുഗ്രൻ. അതാണ് കമ്പനിയുടെ പെട്ടെന്നുള്ള വളർച്ചയ്ക്കുള്ള കാരണം. ഇങ്ങനെ പോയാൽ അവൻ എന്റെ കസേരയിൽ എത്തിച്ചേരുന്ന കാലം അതിവിദൂരത്തല്ല. അങ്ങനെ സംഭവിച്ചാൽ ഞാൻ ജീവിച്ചിരുന്നിട്ടു കാര്യമില്ല. പക്ഷേ ഞാൻ ജീവിച്ചിരിക്കുമ്പോൾ അങ്ങനെ സംഭവിക്കില്ല. അവനെ ഞാൻ ഇവിടെ നിന്നു പുകച്ചു പുറത്തു ചാടിക്കും. അസൂയ നുരഞ്ഞു പൊന്തുന്ന അയാളുടെ മനസ്സ് തീരുമാനമെടുത്തു.

പിറ്റേന്നു മുതൽ അയാൾ കിഷോറിനെ തന്നാലാവും വിധമെല്ലാം ഉപദ്രവിച്ചു തുടങ്ങി. കിഷോർ സമർപ്പിക്കുന്ന തിരക്കഥകളിൽ തീരുമാനമെടുക്കാൻ മനപ്പൂർവ്വം താമസം വരുത്തുക. അതിന്റെ ഭംഗിയും സമഗ്രതയും ചോർത്തിക്കളയുന്ന തരത്തിലുള്ള തിരുത്തലുകൾ അടിച്ചേൽപ്പിക്കുക, . മറ്റുള്ളവരുടെ മുമ്പിൽ വച്ച് കിഷോറിനെ ഇകഴ്ത്തി സംസാരിക്കുക എന്നിങ്ങനെ തന്റെ കഴിവിന്റെ പരമാവധി, സാധ്യമായ എല്ലാ രീതിയിലും അയാൾ കിഷോറിനെ ദ്രോഹിച്ചുകൊണ്ടിരുന്നു. ഇതെല്ലാം പോരാഞ്ഞ് അയാൾ കിഷോറിനെക്കുറിച്ച് മേലധികാരികൾക്ക് മോശം റിപ്പോർട്ടും അയച്ചു.

കിഷോർ ആകെ ഹതാശനായി. മനസ്സിനിണങ്ങിയ ജോലി ആറ്റുനോറ്റിരുന്നു കിട്ടിയതാണ്. അതിപ്പോൾ ഇങ്ങനെയായി. അവന്റെ ആത്മവിശ്വാസം ചോർന്നു. അവന്റെ മുഖത്ത് സദാ അലതല്ലിയിരുന്ന പുഞ്ചിരി എങ്ങോ പോയ് മറഞ്ഞു. കിഷോറിന്റെ സർഗ്ഗാത്മകതയുടെ മാറ്റു കുറഞ്ഞോ എന്നുപോലും സഹപ്രവർത്തകർ തമ്മിൽ ചോദിച്ചു തുടങ്ങി.

*ശേഷം പേജ് 14 ൽ*

ഈ സമയത്താണ് ആഡ്പ്ലസിന്റെ മുഖ്യ എതിരാളിയായ മിഡാസ് എന്ന സ്ഥാപനത്തിന്റെ ക്രിയേറ്റീവ് ഡയറക്ടർ ശേഖർ ഒരു സ്റ്റാഫ് കോൺഫറൻസ് വിളിച്ചു ചേർക്കുന്നത്.ഈ അടുത്ത കാലത്ത് തങ്ങളുടെ വളർച്ച കുത്തനെ താഴോട്ടായതിന്റെ കാരണങ്ങളെക്കുറിച്ചും മിഡാസിന്റെ തളർച്ചയെക്കുറിച്ചും ആഡ്പ്ലസന്റെ പെട്ടെന്നുള്ള വളർച്ചയെക്കുറിച്ചുമായിരുന്നു ചർച്ച. കിഷോർ എന്ന കോപ്പി റൈറ്ററാണ് ആഡ്പ്ലസന്റെ പെട്ടെന്നുള്ള വളർച്ചയുടെ കാരണം ജീവനക്കാർ ഒന്നടങ്കം പറഞ്ഞു. കിഷോറിനെന്തു വിലകൊടുത്തും നമ്മുടെ കമ്പനിയിൽ എത്തിക്കണം . ശേഖർ മനസ്സിൽ ഉറച്ചു. കിഷോറിനെ ഒന്നു പരിചയപ്പെടാനുള്ള അവസരമെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നയാൾ തീവ്രമായി അഭിലഷിച്ചു.

ഈ അവസരത്തിലാണ് സിറിൽ മാത്യൂസിന്റെ പീഡനങ്ങളിൽ മനസ്സു മടുത്ത കിഷോർ സിറിൽ മാത്യൂസിന് തന്റെ രാജിക്കത്തു നൽകുന്നത്. അയാൾ അതു കൈപറ്റി കൃതാർത്ഥനായി ഇക്കാര്യമറിഞ്ഞപ്പോൾ, ഇതുതന്നെ അവസരം എന്നു കണക്കാക്കിയ ശേഖർ കിഷോറിനെ ക്ഷണേന മിഡാസിലേക്കു ക്ഷണിച്ചു. "എന്റെ സ്ഥാപനത്തിൽ, ഹേ, അല്ലല്ല നമ്മുടെ സ്ഥാപനത്തിൽ കിഷോറിനു പൂർണ പ്രവർത്തന സ്വാതന്ത്ര്യം ഉണ്ടായിരിക്കും. കിഷോറിന്റെ സ്ക്രിപ്റ്റ്, കിഷോർ തീരുമാനിക്കുന്ന ടീം, കിഷോറിന് ഇഷ്ടമുള്ള സമയം. കിഷോർ പറയുന്ന ആർടിസ്റ്റുകൾ. എന്റെ ഭാഗത്തു നിന്ന് ഒരു കൈകടത്തലും ഉണ്ടാവില്ല." ശേഖർ കിഷോറിനോട് വാഗ്ദാനം ചെയ്തുകൊണ്ട് കിഷോറിനു നേരേ തന്റെ വലതുകരം ഹസ്തദാനത്തിനായി നീട്ടി. കിഷോറും വലതു കരം നീട്ടി ആ ഹസ്തദാനം നൽകി. കിഷോർ അതീവ സന്തോഷത്തോടെ ആ അവസരം സ്വീകരിച്ചു. തൊട്ടടുത്ത ദിവസം തന്നെ അവൻ മിഡാസിൽ കോപ്പി റൈറ്റർ ആയി ജോലിയിൽ പ്രവേശിച്ചു.

"ശേഖർ, നീയിതിനനുഭവിക്കും. തീർച്ച. ആറുമാസത്തിനകം കിഷോർ നിന്റെ കസേരയിൽ ഇരിക്കും. ഇല്ലെങ്കിൽ എന്റെ പേരു നിന്റെ പട്ടിക്കിട്ടോ." നഗരത്തിലെ ഒരു പ്രമുഖ വ്യവസായിയുടെ വിവാഹ രജത ജൂബിലിയുടെ വിരുന്നിൽ വച്ചു ശേഖറിനെ പരിചയപ്പെട്ടപ്പോൾ സിറിൽ മാത്യൂസ് മുന്നറിയിപ്പ് എന്നോണം പറഞ്ഞു. ശേഖറിന്റെ മറുപടി കേവലം ഒരു പുഞ്ചിരിയിലൊതുങ്ങി.

അഞ്ചു മാസങ്ങൾക്ക് ശേഷമുള്ള ഒരു പ്രഭാതം. തന്റെ ഇ-മെയിൽ ഇൻബോക്സ് തുറന്നു നോക്കിയ ശേഖർ ഹെഡ് ഓഫീസിൽ നിന്നുള്ള രണ്ട് മെയിലുകൾ കണ്ടു. യാദൃശ്ചികമായി അയാൾ ആദ്യം തുറന്നത് അവസാനമായി വന്ന മെയിലായിരുന്നു. അതിൽ കിഷോറിന് മിഡാസിന്റെ മുംബൈ ഓഫീസിലെ ക്രിയേറ്റീവ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകിക്കൊണ്ടുള്ള ഉത്തരവായിരുന്നു. അയാളുടെ മുഖം വിളറി. സിറിൽ മാത്യൂസിന്റെ പ്രവചനം അഞ്ചു മാസങ്ങൾ കൊണ്ടു തന്നെ സത്യമായല്ലോ. അയാൾ സ്വയം പറഞ്ഞു.

എന്തെങ്കിലും ആവട്ടെ എന്നു മനസ്സിനെ ആശ്വസിപ്പിച്ചുകൊണ്ട് അയാൾ തൊട്ടു മുൻപു വന്ന മെയിൽ തുറന്നു. അതു വായിച്ച അയാളുടെ ഹൃദയം ആനന്ദാതിരേകത്താൽ കുതിച്ചു ചാടി. അതിൽ അയാൾക്കും മിഡാസിന്റെ കൺട്രിവൈഡ് ഹ്യൂമൻ റിസോഴ്സ് വിങ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകികൊണ്ടുള്ള ഉത്തരവായിരുന്നു. നിലവിലുള്ളതിലും നാൽപ്പത് ശതമാനം ഉയർന്ന ശമ്പള സ്കെയിലും.

കിഷോറിനെ അവിടെ നിയമിച്ചപ്പോൾ എന്റെ ഒരു മാന്യ സുഹൃത്ത് എനിക്കൊരു മുന്നറിയിപ്പ് തന്നിരുന്നു. കിഷോറിനെ സൂക്ഷിക്കണം, ആറുമാസത്തിനകം അയാൾ എന്റെ കസേരയിൽ എത്തും എന്ന്. അതിപ്പോൾ കിട്ടിയ സ്ഥാനത്തേക്കും കിഷോർ താമസംവിനാ എത്തട്ടെ എന്നു ഞാൻ ആത്മാർത്ഥമായി ആശംസിക്കുന്നു. തന്റെ സെന്റ് ഓഫ് വിരുന്നിൽ ശേഖർ തന്റെ മനോഗതം വെളിപ്പെടുത്തി. "അതു സാറിനും പ്രൊമോഷൻ കിട്ടിയതുകൊണ്ടാണ്. പക്ഷേ ഇനിയും സാറിനു പ്രൊമോഷൻ കിട്ടാൻ മുകളിൽ ഇനി ഡയരക്ടർ ബോർഡ് മാത്രമേ ഉള്ളൂ." സുന്ദർ രാജിന്റെ തമാശകേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു.

അപ്പോൾ മുതൽ ആളുകൾ ഒരിക്കൽ ആഡ്പ്ലസ് ഇൻഡ്യയിലെ നമ്പർ വൺ പരസ്യ ഏജൻസിയായിരുന്നു എന്നു പറഞ്ഞു തുടങ്ങി.

# റൂമിയുടെ കവിതകൾ

**ജലാലുദ്ദീൻ റൂമി**
**മൊഴിമാറ്റം: പത്മ**

പ്രകാശത്തിന്റെ ചീളുകൾ നിറഞ്ഞ
രാത്രിയിലെ സമുദ്രമാണ്
മീനിനും ചന്ദ്രനുമിടയിലെ
ആകാശമാണ്, നാം
ഇവിടെ ഇത്രയരികിലിരിക്കുമ്പോൾ

*

പ്രണയമാണ് സൂര്യൻ
ഭ്രമണം ചെയ്യുന്ന കണിക
അതിന്റെ പ്രണയിനി.
വസന്തകാലത്തെ കാറ്റ്
മരിച്ചിട്ടില്ലാത്ത ഓരോ
ശിഖരത്തെയും
നൃത്തം ചെയ്യിക്കുന്നു.

*

ചില രാത്രികൾ
വെളുക്കുവോളം എഴുന്നേറ്റിരിക്കുന്നു.
ചന്ദ്രൻ സൂര്യനുവേണ്ടി എന്ന പോലെ,
ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക്
കോരിയെടുക്കുന്ന
ഒരു തൊട്ടിയാവുക.

*

പ്രണയികൾ ഒടുവിലൊരുനാൾ
എവിടെയോ കണ്ടെത്തുകയല്ല
ഏറെക്കാലമായി അവർ
പരസ്പരം ഉള്ളിലായിരുന്നു.

*

നമ്മൾ കണ്ണാടിയാണ്.
കാണുന്ന മുഖമാണ്.
അനശ്വരതയുടെ നിമിഷത്തെ
രുചിക്കുകയാണ്.
നമ്മൾ നോവും മരുന്നുമാണ്.
മധുരമായ തണുത്ത ജലവും
അതൊഴിച്ചുതരുന്ന പാത്രവുമാണ്.

# റേഡിയോ-
# ഒരു വിയോജിപ്പ്

**ആഷിക്**

*ഭാവിജീവിതത്തിന്, ഭൂമിയും മനുഷ്യരും ജീവജാലങ്ങളും കുട്ടികളും ഒക്കെ ഒരേ തോതിലിടപെടുന്ന നൈതികതയുള്ള ജീവിതത്തിന് റേഡിയോയുടെ രാഷ്ട്രീയം മാറ്റി കേൾക്കേണ്ടതുണ്ട്...*



റേഡിയോ കാലത്തെ തിരിച്ചുപിടിക്കാൻ ആഹ്വാനം ചെയ്യുന്ന കുറിപ്പുകൾ മാസികയിൽ പലപ്പോഴും ആവർത്തിച്ചുകാണാറുണ്ട്. ഒരു ബഹുജന മാധ്യമം എന്ന നിലയിൽ റേഡിയോയുടെ പ്രസക്തി ഒട്ടും ചെറുതല്ല. വിശേഷിച്ചും ദൃശ്യമലിനീകരണത്തിന്റെ കാലത്ത്. എന്നാൽ വെറുതെ കേട്ടിരിക്കുന്ന ചലച്ചിത്രഗാനങ്ങൾക്കും പ്രാദേശിക വാർത്തയ്ക്കും സംഭാഷണ പരിപാടികൾക്കുമപ്പുറം പൊതുറേഡിയോ എപ്പോഴും, തുടക്കം മുതൽക്കെ, ഭരണകൂടത്തിന്റെ ഉപകരണമായിരുന്നു. മാറിമാറി വരുന്ന അധികാരവ്യവസ്ഥയ്ക്ക് അനുഗുണമായ രീതിയിൽ ജനങ്ങളെ സ്വാധീനിക്കാനുള്ള അതിന്റെ ശേഷി അപാരമാണ്. റേഡിയോ പാഠങ്ങൾ പിന്തുടരുന്നത് എപ്പോഴും ശരിയാകണമെന്നില്ലല്ലോ? വിശേഷിച്ചും 'വയലും വീടും' പോലുള്ളവ. മലയാളിയുടെ ഭൂതകാലസ്മരണകളെ ഉണർത്തുന്ന കാർഷിക പരിപാടികൾ, കുത്തക കമ്പനികൾക്കും വൻകിട വ്യവസായങ്ങൾക്കും അനുഗുണമായ രീതിയിലാണ് കൃഷിയെ പരിഷ്കരിച്ചു സംരക്ഷിച്ചു പോരുന്നത്. രാസവള-കീടനാശിനി-കളനാശിനി പ്രലോഭനങ്ങളിൽ നിന്നും പുറത്തുകടക്കാൻ മടിക്കുന്ന, അലോപ്പതി-മരുന്നു വ്യാപാരത്തിന് മുൻകൈ നൽകുന്ന, കൃഷി -ആരോഗ്യ വിചാരങ്ങളാണ് ദേശവ്യാപകമായി പ്രക്ഷേപണം ചെയ്യപ്പെടുന്നത്. അപൂർവ്വമായി പരിചയപ്പെടുത്തുന്ന ഒരു ജൈവകർഷകന്റേയോ , ഇതര വൈദ്യശുശ്രൂഷകരുടെയോ വിജയകഥകളെ റദ്ദാക്കും വിധമാണ് പ്രഭാതങ്ങളിൽ തുടങ്ങുന്ന കൃഷി-ആരോഗ്യ വിളംബരങ്ങൾ. 'ഗാന്ധിമാർഗ്ഗത്തെ'യും, 'വയലും വീടും', 'ഗ്രാമീണ സ്ത്രീകൾക്കുവേണ്ടി'യും 'സുപ്രഭാത'വും ഒക്കെ റദ്ദു ചെയ്തുകൊണ്ടിരിക്കുന്നത് കേൾക്കാതിരുന്നുകൂടാ. ഭാവിജീവിതത്തിന്, ഭൂമിയും മനുഷ്യരും ജീവജാലങ്ങളും കുട്ടികളും ഒക്കെ ഒരേ തോതിലിടപെടുന്ന നൈതികതയുള്ള ജീവിതത്തിന് റേഡിയോയുടെ രാഷ്ട്രീയം മാറ്റി കേൾക്കേണ്ടതുണ്ട്.

# പെരുമഴ ക്യാമ്പ് 2015

മഴയുടെ നനവും നാട്ടറിവും നാനാർത്ഥങ്ങളുമായി ഇത്തവണത്തെ പെരുമഴ ക്യാമ്പും മഴ നടത്തവും ജൂലൈ 11, 12 തിയ്യതികളിൽ നിലമ്പൂരിലെ മഴ പൊഴിയുന്ന വനത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ **ഡയറക്ടർ, പ്രകൃതിപഠന കേന്ദ്രം, നിലമ്പൂർ, 679329** എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.

## വിദ്യാർത്ഥികൾക്കും യുവജന പ്രവർത്തകർക്കും പ്രകൃതിസഹവാസ ക്യാമ്പ്

പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി നിലമ്പൂർ പ്രകൃതിപഠന കേന്ദ്രം വിദ്യാർത്ഥികൾ, യുവജന പ്രവർത്തകർ എന്നിവർക്കായി മെയ് 23, 24 തിയ്യതികളിൽ നിലമ്പൂരിൽ വെച്ച് ദ്വിദിന പ്രകൃതി സഹവാസ ക്യാമ്പും വനപഠനയാത്രയും സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ **ഡയറക്ടർ, പ്രകൃതിപഠന കേന്ദ്രം, നിലമ്പൂർ, 679329** എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. **ഫോൺ: 9946892575**

## കേരള പഠനയാത്ര

കേരളത്തിലെ വ്യത്യസ്ത ആവാസ വ്യവസ്ഥകളിലേക്ക് നിലമ്പൂർ പ്രകൃതിപഠനകേന്ദ്രം സംഘടിപ്പിക്കുന്ന പ്രതിമാസ പഠന-നിരീക്ഷണ യാത്രകളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **9946892575** ൽ വിളിച്ച് രജിസ്റ്റർ ചെയ്യണം.

# ലിറ്റിൽ മാസിക നിലനിൽക്കുന്നത്... വരിസംഖ്യ കൊണ്ടുമാത്രമല്ല..

**സൗഹൃദങ്ങളുടെ ഊർജ്ജം കൊണ്ടുമാണ്.. അതിനാൽ വരിസംഖ്യ തന്നില്ലെങ്കിലും മാസിക അയക്കും**

*എങ്കിലും ദയവായി ഇന്നുതന്നെ വരിസംഖ്യ അയച്ചു തരിക. ഒരു വർഷത്തേക്ക് 150 രൂപ*

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*

*അക്കൗണ്ട് നമ്പർ -*

***ബിജു ജോൺ 0857101067932***

*(കാനറ ബാങ്ക്*

*എടക്കര ശാഖ)*

**ചുങ്കത്തറ പി.ഒ.,**
**മലപ്പുറം 679334**

**കാമ്പയിൻ**

# സെലിബ്രിറ്റികൾ വഴി തെറ്റിക്കുമ്പോൾ

ശരീരത്തിന് ദോഷകരമായ വിഷവസ്തുക്കൾ അടങ്ങിയതിന്റെ പേരിൽ നിരോധനം നേരിടുന്ന നെസ്‌ലെ കമ്പനിയുടെ മാഗി നൂഡിൽസ് ഇനിയെങ്കിലും നമുക്കൊരു പാഠമാകേണ്ടതുണ്ട്. അമിതാഭ് ബച്ചൻ, പ്രീതി സിന്റ, മാധുരി ദീക്ഷിത് തുടങ്ങിയ സെലിബ്രിറ്റികൾ ചേർന്ന് നിരന്തരം ആഘോഷപൂർവ്വം നമ്മുടെ അടുക്കളകളിലേക്ക് ശുപാർശ ചെയ്ത ഭക്ഷണം. വിഷം ഉള്ളിലടങ്ങിയിരിക്കുന്ന, ശരീരത്തിന് അതിഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഈ ഉല്പന്നത്തിന്റെ നിർമ്മാതാക്കളോടൊപ്പം ഈ പറഞ്ഞ സെലിബ്രിറ്റികളും കുറ്റക്കാരാവേണ്ടതല്ലേ? ഇത് മാഗി നൂഡിൽസിന്റെ കാര്യം മാത്രമല്ല. ഇന്ത്യയിൽ വ്യാപകമായി വിറ്റഴിക്കുന്ന പായ്ക്കറ്റ് ഫാസ്റ്റ് ഫുഡ്ഡുകളും, കോള പാനീയങ്ങളും നേരംപോക്കിന് കഴിക്കാൻ ശുപാർശ ചെയ്യപ്പെടുന്ന കുട്ടികളുടെ പ്രിയപ്പെട്ട കറുമുറെകളും പ്രതിക്കൂട്ടിൽ തന്നെയാണ്.

ലാബിൽ പരിശോധിക്കപ്പെടാത്തതിന്റെ പേരിൽ മാത്രമാണ് ഇവയെല്ലാം ഇപ്പോഴും നമ്മുടെ കൺമുമ്പിൽ നിറഞ്ഞുനിൽക്കുന്നത്. ക്രിക്കറ്റ് ഇതിഹാസമെന്ന നിലയ്ക്കാണ് സച്ചിൻ തെണ്ടുൽക്കറെ നാം ഇഷ്ടപ്പെടുന്നത്. അല്ലാതെ ലെഹർ പെപ്സിയുടെ പരസ്യക്കാരനായതിന്റെ പേരിലല്ല. പക്ഷേ നാം കൊടുത്ത സ്നേഹവും വിശ്വാസവും ഈ സെലിബ്രിറ്റികളെല്ലാം വൻസാമ്പത്തിക ലാഭത്തിനുവേണ്ടി, കുത്തകകൾക്കുവേണ്ടി നുണ പ്രചരണം നടത്തുകയാണ്. നമ്മുടെ കൊച്ചുകേരളത്തിൽ പോലും സ്വർണ്ണത്തിന്റെയും വസ്ത്രത്തിന്റെയും എന്തിനേറെ സ്വർണ്ണപ്പണയക്കാരന്റെ വരെ പരസ്യക്കാരായി നമ്മുടെ സിനിമാ താരങ്ങളും മറ്റും അണിനിരക്കുന്നു. അത്താഴപ്പട്ടിണിക്കാരനോട് വീട്ടിൽ സ്വർണ്ണം വെച്ചിട്ട് നാട്ടിൽ തേടിനടക്കുന്നതിനെ കുറിച്ച് ഓർമ്മിപ്പിക്കുന്ന നമ്മുടെ പ്രിയതാരവും നമ്മെ വഴിതെറ്റിക്കുന്നവരുടെ കൂട്ടത്തിലുണ്ട്.

*-ലിമാഡെസ്ക്*




Prepare to do small things...
subscribe to Little Masika

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A- One offset, Ramanattukara for Co-Operative Press Chungatharab679334